22
2021
ഡിസംബർ
ബുധൻ
ധനു 7

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 207 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-207 പേജ് 4. വില 2.00 രൂപ




02 സ്ത്രീകളുടെയും പുരുഷന്മാരുടെയും വിവാഹ പ്രായത്തിൽ മാറ്റം അനിവാര്യം

03 രാഷ്ട്രപതിയുടെ സന്ദർശനം: രണ്ട് ദിവസം ഗതാഗത ക്രമീകരണം

04 സർവീസ് ചട്ടങ്ങൾ കാലത്തിനനുസരിച്ച് പരിഷ്കരിക്കും: മന്ത്രി പി. രാജീവ്

# രാജ്യത്തിന്റെ ഭാഗധേയം രൂപപ്പെടുത്തുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ: രാഷ്ട്രപതി

പെരിയ(കാസർഗോഡ്): രാജ്യത്തിൻറെ ഭാഗധേയം രൂപപ്പെടുത്തുന്നത് സ്കൂളുകളും കോളജുകളുമാണെന്നും വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്ന ശ്രീനാരായണഗുരുവിൻറെ വാക്കുകൾ ഏവർക്കും പ്രചോദനമാണെന്നും രാഷ്ട്രപതി രാംനാഥ് കോവിന്ദ്.

പെരിയ തേജസ്വിനി ഹിൽസിൽ കേരള കേന്ദ്ര സർവകലാശാലയുടെ അഞ്ചാമത് ബിരുദദാന സമ്മേളനത്തിൽ ബിരുദദാനം നടത്തി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.



സാക്ഷരതയിലും വിദ്യാഭ്യാസമുന്നേറ്റത്തിലും സ്ത്രീവിദ്യാഭ്യാസത്തിലും കേരളത്തെ പ്രശംസിച്ച രാഷ്ട്രപതി, മഹാകവി വള്ളത്തോളിൻറെ മാതൃവന്ദനം എന്ന കവിത പ്രഭാഷണത്തിൽ പരാമർശിക്കുകയും ചെയ്തു.

കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാക്ഷരതയിലും വിദ്യാഭ്യാസത്തിലും സ്ത്രീശാക്തീകരണത്തിലും ഏറെ മുന്നിലാണ്. പഠനമേഖലയിൽ കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ ഏറെ മുന്നിലാണ്. യുനെസ്കോയുടെ ഗ്ലോബൽ നെറ്റ്‌വർക്കിൽ കേരളത്തിൽനിന്ന് തൃശൂരും നിലമ്പൂരും ഉൾപ്പെട്ടിട്ടുണ്ട് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. കേരളീയരിൽ സാക്ഷരത വർധിപ്പിക്കാൻ പി.എൻ.പണിക്കർ അക്ഷീണം പ്രയത്നിച്ചിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സാക്ഷരതയുള്ള കേരളത്തിൽ പി.എൻ. പണിക്കറുടെ പ്രതിമ തലസ്ഥാനത്ത് അടുത്ത ദിവസം അനാച്ഛാദനം ചെയ്യാൻ പോകുകയാണ്.

ബിരുദധാരികളിൽ കൂടുതലും പെൺകുട്ടികളായതിൽ സന്തോഷിക്കുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിൻറെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. നാലരയോടെ രാഷ്ട്രപതി കൊച്ചിയിലേക്കു മടങ്ങി.

## തങ്ക അങ്കി ഘോഷയാത്ര ഇന്ന്

ആറന്മുള: ശബരിമല ക്ഷേത്രത്തിൽ മണ്ഡല പൂജയ്ക്കു ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചുള്ള ഘോഷയാത്ര ഇന്നു രാവിലെ ഏഴിന് ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽനിന്നു പുറപ്പെടും. തങ്ക അങ്കി ചാർത്തിയുള്ള ദീപാരാധന 25നും മണ്ഡല പൂജ 26നും നടക്കും. രാവിലെ അഞ്ചു മുതൽ ഏഴു വരെ ആറന്മുള ക്ഷേത്രാങ്കണത്തിൽ തങ്ക അങ്കി ദർശിക്കാൻ അവസരമുണ്ട്.

തിരുവിതാംകൂർ മഹാരാജാവ് ശബരിമല അയ്യപ്പസ്വാമിക്കു മണ്ഡല പൂജയ്ക്കു ചാർത്താനായി നടയ്ക്കു വച്ചതാണ് 425 പവൻ തൂക്കമുള്ള തങ്ക അങ്കി. പ്രത്യേകം തയാറാക്കിയ രഥത്തിലാണു തങ്ക അങ്കി പമ്പ വരെ എത്തിക്കുന്നത്. വിവിധ ക്ഷേത്രങ്ങളിൽ സ്വീകരണമുണ്ടാകും. ഇന്നു രാത്രി ഓമല്ലൂർ ക്ഷേത്രത്തിലും നാളെ കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിലും 24നു പെരുനാട് ക്ഷേത്രത്തിലുമാണു വിശ്രമം. 25ന് ഉച്ചയ്ക്ക് പമ്പയിൽ എത്തിച്ചേരും. പമ്പയിൽനിന്ന് മൂന്നിനു പുറപ്പെട്ട് അഞ്ചോടെ ശരംകുത്തിയിൽ എത്തും. തുടർന്നു ശബരിമല ക്ഷേത്രത്തിൽനിന്ന് എത്തുന്ന സംഘം ആചാരപൂർവം സ്വീകരിച്ചു സന്നിധാനത്തേക്കു തങ്ക അങ്കി ഘോഷയാത്രയെ ആനയിക്കും.




## കേരള കോൺഗ്രസ്ബി പിളർപ്പിലേക്ക്

കൊച്ചി: കേരള കോൺഗ്രസ്ബി പിളർപ്പിലേക്ക്. പാർട്ടി സ്ഥാപകൻ ആർ. ബാലകൃഷ്ണപിള്ളയുടെ മകനും നിലവിൽ ചെയർമാനുമായ കെ.ബി. ഗണേഷ്കുമാർ എംഎൽഎയെ എതിർക്കുന്ന വിഭാഗം കൊച്ചിയിൽ സംസ്ഥാന കമ്മിറ്റി യോഗം വിളിച്ചുചേർത്ത് പിള്ളയുടെ മൂത്തമകൾ ഉഷ മോഹൻദാസിനെ പുതിയ ചെയർപേഴ്സണായി തെരഞ്ഞെടുത്തു.

ഗണേഷ്കുമാർ പാർട്ടിയുടെ എംഎൽഎയായി തുടരുമെന്നും യോഗം വ്യക്തമാക്കി. പാർട്ടി സീനിയർ വൈസ് ചെയർമാനും മുൻ എംഎൽഎയുമായ എം.വി. മാണിയുടെ അധ്യക്ഷതയിലായിരുന്നു തെരഞ്ഞെടുപ്പ്.

പത്ത് ജില്ലാ കമ്മിറ്റികൾ തങ്ങൾക്കൊപ്പമുണ്ടെന്ന് ഉഷ മോഹൻദാസ് അവകാശപ്പെട്ടു. 14ൽ എട്ട് ജില്ലാ പ്രസിഡൻറുമാരും 124 അംഗ സംസ്ഥാന കമ്മിറ്റിയിലെ 78 പേരും യോഗത്തിൽ പങ്കെടുത്തതായും അവർ പറഞ്ഞു. ഏകാധിപതിയെപോലെയാണ് ഗണേഷ് പ്രവർത്തിക്കുന്നത്. ഒരു പാർട്ടിയായി പ്രവർത്തിക്കുമ്പോൾ സ്വന്തം ഇഷ്ടപ്രകാരം കാര്യങ്ങൾ നടപ്പാക്കാനാകില്ല.

പാർട്ടി അംഗങ്ങളുടെ നിർബന്ധംകൊണ്ടാണ് താൻ മുന്നോട്ടുവന്നത്. യോഗതീരുമാനങ്ങൾ രേഖാമൂലം ഇടതുമുന്നണിയെ അറിയിക്കുമെന്നും ഉഷ പറഞ്ഞു.

പാർട്ടിക്കു വിധേയനായി പ്രവർത്തിക്കാതിരുന്നാൽ ഗണേഷ്കുമാറിനെ പുറത്താക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കുമെന്ന് എം.വി. മാണി പറഞ്ഞു. ബാലകൃഷ്ണപിള്ളയുടെ മരണശേഷം പുതിയ ചെയർമാനെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗം ചേർന്നിരുന്നില്ല. സംസ്ഥാന സമിതി വിളിച്ചുചേർക്കാൻ പലതവണ ആവശ്യപ്പെട്ടിട്ടും ഗണേഷ്കുമാർ തയാറാകുന്നില്ലെന്ന പരാതിയും ഉയർന്നിരുന്നു. ഈ സാഹചര്യത്തിലാണ് ഒരു വിഭാഗം ഇന്നലെ യോഗം വിളിച്ചത്.

## സ്റ്റേഷനിൽ പരാതിക്കാർക്ക് മർദ്ദനം: എസ്പിയോട് വിശദീകരണം തേടി

കൊച്ചി: ആലപ്പുഴ നൂറനാട് പൊലീസ് സ്റ്റേഷനിൽ പരാതി പറയാനെത്തിയ യുവാക്കളെ മർദ്ദിച്ചെന്നും കള്ളക്കേസിൽ കുടുക്കിയെന്നുമുള്ള പരാതിയിൽ വിശദീകരണം ആവശ്യപ്പെട്ട് ഹൈക്കോടതി.

ആലപ്പുഴ എസ്പി ബുധനാഴ്ചയ്ക്കകം മറുപടി നൽകണമെന്നാണ് ഹൈക്കോടതി നിർദ്ദേശം. ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന പൊലീസിനെതിരായ ആരോപണങ്ങൾ ഗൗരവതരമാണ്. നിയമസംവിധാനത്തെ പരിഹസിക്കുന്നതിന് തുല്യമാണിതെന്നും കോടതി കുറ്റപ്പെടുത്തി.

സിവിൽ തർക്കവുമായി ബന്ധപ്പെട്ടാണ് കഴിഞ്ഞ ദിവസം രണ്ട് സഹോദരങ്ങൾ നൂറനാട് പൊലീസ് സ്റ്റേഷനിലെത്തിയത്. ഇവരെ കള്ളക്കേസിൽ കുടുക്കിയ പൊലീസ് മർദ്ദിക്കുകയും ചെയ്തു. യുവാക്കളുടെ മൊബൈൽ ഫോണിൽ പതിഞ്ഞ മർദ്ദന ദൃശ്യങ്ങൾ പുറത്തുവരികയും ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് നടപടി ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്. മൊബൈൽ ഫോൺ ദൃശ്യങ്ങൾ പരിശോധിക്കണമെന്ന ആവശ്യവും യുവാക്കൾ കോടതിയിൽ ഉന്നയിച്ചിട്ടുണ്ട്. നാളെ കേസ് വീണ്ടും പരിഗണിക്കും.

## പുനഃസംഘടനാ മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകാൻ രാഷ്ട്രീയകാര്യ സമിതി വിളിക്കും

തിരുവനന്തപുരം: പുനഃസംഘടനാ നടപടികളുമായി മുന്നോട്ടു പോകുന്നതിൻറെ ഭാഗമായി തയാറാക്കുന്ന മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകാൻ കെപിസിസി രാഷ്ട്രീയകാര്യ സമിതി അടുത്തയാഴ്ച വിളിച്ചേക്കും. കെപിസിസി സെക്രട്ടറിമാർ, ഡിസിസി ഭാരവാഹികൾ, ബ്ലോക്ക് പ്രസിഡൻറുമാർ എന്നിവരുടെ പുനഃസംഘടനയാണ് അടിയന്തരമായി പൂർത്തിയാക്കുന്നത്.

പുനഃസംഘടനയുമായി ബന്ധപ്പെട്ടു മുതിർന്ന നേതാക്കളായ ഉമ്മൻ ചാണ്ടിയുമായും രമേശ് ചെന്നിത്തലയുമായും കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ ചർച്ച നടത്തിയിരുന്നു. ഇതിൻറെ ഭാഗമായി ഭാരവാഹികളുടെ നിയമനത്തിനുള്ള മാനദണ്ഡം തയാറാക്കിയിട്ടുണ്ട്.

ഒരു കെപിസിസി ജനറൽ സെക്രട്ടറിയെ സഹായിക്കാൻ രണ്ടു സെക്രട്ടറിമാർ എന്ന നിലയിലാകും ഭാരവാഹിപ്പട്ടിക തയാറാക്കുക. നിലവിൽ 23 ജനറൽ സെക്രട്ടറിമാരാണുള്ളത്. 46 സെക്രട്ടറിമാരെ നിയോഗിക്കേണ്ടിവരും.

ഡിസിസികളിൽ പുതിയ ടീമാകും വരിക. നിലവിലുള്ള ഭാരവാഹികൾക്കു തുടരാനാകില്ല. രണ്ടു വനിതകളും ഭാരവാഹികളായുണ്ടാകും. തദ്ദേശ സ്ഥാപന അധ്യക്ഷൻമാർ, ഉപാധ്യക്ഷൻമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർക്കു പാർട്ടി ഭാരവാഹിത്വത്തിലേക്കു വരാൻ കഴിയില്ല.

സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പാർട്ടി ഭാരവാഹിത്വം ലഭിക്കില്ല. ബ്ലോക്ക് പ്രസിഡൻറുമാരായി പൂർണ സമയ പാർട്ടി പ്രവർത്തകരാകും എത്തുക. പാർട്ട്ടൈം പ്രവർത്തകരെ ഇത്തരം സ്ഥാനങ്ങളിലേക്കു നിയോഗിക്കേണ്ടതില്ലെന്ന അഭിപ്രായത്തിൻറെ അടിസ്ഥാനത്തിലാണു നടപടി.

മുതിർന്ന നേതാക്കൾ അടക്കമുള്ളവരുമായി മണിക്കൂറുകൾ നീണ്ട ചർച്ചകൾക്കു ശേഷമാണു മാനദണ്ഡങ്ങൾ തയാറാക്കിയത്. മാനദണ്ഡങ്ങൾക്കു രാഷ്ട്രീയകാര്യ സമിതിയുടെ അനുമതി ലഭിച്ചാൽ പിന്നീടു സ്ഥാനങ്ങളിലേക്കുള്ള പട്ടിക തയാറാക്കും.

ഗ്രൂപ്പ് നേതാക്കൾ നൽകുന്ന പട്ടികകൂടി പരിഗണിച്ചാകും ഭാരവാഹികളുടെ അന്തിമ പട്ടിക യ്ക്കു രൂപം നൽകുക. മുതിർന്ന നേതാക്കളെ അവഗണിക്കുന്നുവെന്നും രാഷ്ട്രീയ കാര്യ സമിതി വിളിച്ചുചേർക്കാൻ തയാറാകാന്നില്ലെന്നുമുള്ള പരാതി ഗ്രൂപ്പുനേതാക്കൾ ഉന്നയിച്ചിരുന്നു. ഇത്തരം പരാതിയുമായി മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഹൈക്കമാൻഡിനെ സമീപിച്ചിരുന്നു.

ഇതേത്തുടർന്നാണു ഗ്രൂപ്പ് നേതാക്കൾ നൽകുന്ന പട്ടികകൂടി ഉൾപ്പെടുത്തി അന്തിമ ഭാരവാഹിപ്പട്ടിക തയാറാക്കാൻ സംസ്ഥാന നേതൃത്വം തയാറായത്. രാഷ്ട്രീയകാര്യ സമിതി വിളിച്ചുചേർക്കുമെന്നും കെ. സുധാകരൻ അറിയിച്ചിരുന്നു.

### ഔഷധിഗിഫ്റ്റ്ബോക്സ് വിതരണോദ്ഘാടനം 22ന്

'ആഘോഷത്തോടൊപ്പം ആരോഗ്യം' എന്ന സന്ദേശം എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഔഷധി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കിടയിൽ വിതരണം ചെയ്യുന്ന ഔഷധി മരുന്നുകൾ ഉൾപ്പെടുന്ന ഗിഫ്റ്റ് ബോക്സിന്റെ വിതരണോദ്ഘാടനം 22ന് ഉച്ചയ്ക്ക് 12ന് തിരുവനന്തപുരം സെക്രട്ടേറിയറ്റ് അനക്സ്കക ലെ ലയം ഹാളിൽ നടക്കും. പൊതുവിദ്യാഭ്യാസ തൊഴിൽ മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. ആരോഗ്യ, വനിത, ശിശുവികസന മന്ത്രി വീണാ ജോർജ് അദ്ധ്യക്ഷയായിരിക്കും. ഔഷധിയുടെ 2022 ലെ ബിസിനസ് ഓർഗനൈസർ വി.കെ പ്രശാന്ത് എം.എൽ.എ പ്രകാശനം ചെയ്യും. മേയർ ആര്യാ രാജേന്ദ്രൻ, ആരോഗ്യ കുടുംബക്ഷേമ ആയുഷ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ. എൻ. ഖൊബ്രഗഡെ എന്നിവർ സന്നിഹിതരായിരിക്കും.




കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 10-ാം വാർഷികാഘോഷം നിയമ വകുപ്പ് മന്ത്രി പി. രാജീവ് ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നു.

# കല്ലാട്ടുമുക്ക് റോഡിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കും: മന്ത്രി

തിരുവനന്തപുരം: വെള്ളക്കെട്ട് അനുഭവപ്പെടുന്ന കല്ലാട്ടുമുക്ക് റോഡിന്റെ ആദ്യഘട്ട പുനർനിർമാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കുമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. സ്ഥലം സന്ദർശിച്ച് റോഡിന്റെ നിർമാണ പുരോഗതി വിലയിരുത്തിയതിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

നഗരത്തിലെ തിരക്കേറിയ റോഡുകളിൽ ഒന്നായ അട്ടക്കുളങ്ങര കോവളം റോഡിന്റെ ഭാഗമായ ഇവിടെ കുറെ കാലമായി ചെറിയ മഴ പെയ്താൽ പോലും വാഹന സഞ്ചാരം പോലും അസാധ്യമാകുന്ന തരത്തിൽ അതിരൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെടുന്നുണ്ട്. നേമം മണ്ഡലത്തിന്റെ ഭാഗമായ ഇവിടെ തിരഞ്ഞെടുപ്പ് വിജയത്തിനു ശേഷം സ്ഥലം എംഎൽഎ കൂടിയായ മന്ത്രി വി ശിവൻകുട്ടിയും പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസും സന്ദർശിച്ച് വെള്ളക്കെട്ടിന് പരിഹാരം കാണുന്നതിനും തകർന്നുപോയ റോഡിന്റെ പുനരുദ്ധാരണത്തിനും പദ്ധതികൾ തയ്യാറാക്കുന്നതിനും പൊതുമരാമത്ത് ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിരുന്നു. ഇതേ തുടർന്ന് റോഡിലെ വെള്ളക്കെട്ട് മാറ്റുന്നതിലേക്കായി ഏഴരക്കോടി രൂപയുടെ ഒരു പദ്ധതിയും റോഡ് മികച്ച രീതിയിൽ പുനർനിർമ്മിച്ച് ഇന്റർലോക്ക് ടൈലുകൾ പാകി ഗതാഗത യോഗ്യമാക്കാൻ 25 ലക്ഷം രൂപയുടെ മറ്റൊരു പദ്ധതിയും തയ്യാറാക്കി. ഇതിൽ റോഡ് പുനർനിർമ്മിക്കാനുള്ള പദ്ധതിയുടെ പ്രവർത്തനങ്ങളാണ് പുരോഗമിക്കുന്നത്. നിലവിലെ പദ്ധതി ഉടൻ പൂർത്തിയാക്കാൻ ആണ് നിർദേശിച്ചിരിക്കുന്നത്. ഏഴരക്കോടി രൂപയുടെ പദ്ധതിയുടെ അനുമതിക്കാനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുകയാണ്. പ്രസ്തുത അനുമതി ലഭിച്ചാലുടൻ തന്നെ ആ പദ്ധതി നടപ്പാക്കാൻ ആവശ്യമുള്ള നടപടി സ്വീകരിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

# മോഡൽ ഹോമിലൂടെ കുട്ടികൾക്ക് കുടുംബാന്തരീക്ഷം സാധ്യമാക്കും: മന്ത്രി വീണാ ജോർജ്ജ്

തൃശൂർ: സംസ്ഥാന വനിത ശിശു വികസന വകുപ്പ് സജ്ജമാക്കിയ മോഡൽ ഹോമിലൂടെ കുട്ടികൾക്ക് കുടുംബാന്തരീക്ഷം സാധ്യമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്. കുട്ടികൾക്ക് ഒരു കുടുംബം എന്നുള്ള അന്തരീക്ഷം നൽകുന്നതിന് വേണ്ടി ഒരു ഹൗസ് മദറിനൊപ്പം 10 കുട്ടികൾ എന്ന രീതിയിൽ ചുമതല നൽകിയിട്ടുണ്ട്.

സാമ്പത്തികശേഷി കുറവായ മാതാപിതാക്കൾക്ക് കുട്ടികളെ സന്ദർശിക്കുന്നതിന് യാത്രാച്ചെലവ് അനുവദിക്കുമെന്നും അവശ്യഘട്ടങ്ങളിൽ മാതാവിന് കുട്ടിയോടൊപ്പം താമസിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാന വനിത ശിശുവികസന വകുപ്പ് തൃശൂർ രാമവർമ്മപുരത്ത് സജ്ജമാക്കിയ പെൺകുട്ടികൾക്കുള്ള അത്യാധുനിക മോഡൽ ഹോമിന്റെ ഉദ്ഘാടനം ഓൺലൈൻ വഴി നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

വനിത ശിശുവികസന വകുപ്പ് നിർഭയ സെല്ലിന് കീഴിൽ 12 വയസിനും 18 വയസിനും ഇടയിൽ പ്രായമുള്ള പോക്സോ അതിജീവിതരായ പെൺകുട്ടികൾക്ക് ശാസ്ത്രീയ പരിചരണവും അഭിരുചിക്കനുസൃതമായ വിദ്യാഭ്യാസവും നൽകി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മോഡൽ ഹോം തയാറാക്കിയിരിക്കുന്നത്. തൃശൂർ ഹോമിലെ താമസക്കാരുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ ട്യൂഷൻ, എൻട്രൻസ് പിഎസ്‌സി കോച്ചിങ്ങുകൾ എന്നിവ നൽകുന്നതാണ്.

കേരള ബ്ലാസ്റ്റേഴ്സ് അണ്ടർ 19 റിസർവ് ടീമിലേക്ക് സെലക്ഷൻ ലഭിച്ച തൃശൂർ ഗവ. ചിൽഡ്രൻസ് ഹോമിലെ എസ് അപ്പുവിനെ മന്ത്രി അനുമോദിച്ചു. പി ബാലചന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ തൃശൂർ ജില്ലാ കളക്ടർ ഹരിത വി കുമാർ, നിർഭയ സെൽ സ്റ്റേറ്റ് കോഓർഡിനേറ്റർ ശ്രീലാ മേനോൻ, ജില്ലാ വനിത ശിശു വികസന ഓഫീസർ പി മീര, സിഡബ്ല്യുസി ചെയർപേഴ്സൺ കെ ജി വിശ്വനാഥൻ എന്നിവർ പങ്കെടുത്തു.

# ജീവനക്കാർക്ക് ഭക്ഷണമൊരുക്കാൻ ദേവസ്വം മെസ്സ് സജീവം

രാവിലെ ഏഴ് മണി മുതൽ ദേവസ്വം മെസ്സിൽ പ്രാതൽ തയ്യാറായിരിക്കും. ഉച്ചയൂണും അത്താഴവും കഴിഞ്ഞ് രാത്രി 9.30 ന് അടയ്ക്കുന്നതുവരെ മെസ്സ് സജീവം. ശബരിമലയിൽ ജോലിക്കെത്തുന്ന ഉദ്യോഗസ്ഥർക്ക് എക്കാലവും ആശ്വാസമാണ് ഈ മെസ്സ്.

പൊലീസ് ഉദ്യോഗസ്ഥരൊഴികെയുള്ള 2000 ൽ പരം ജീവനക്കാരാണ് ഭക്ഷണത്തിനായി ദേവസ്വം മെസ്സിനെ ആശ്രയിക്കുന്നത്. പ്രാതലിന് ഇഡ്ഢലിയും ദോശയും ഉപ്പുമാവും മാറിമാറി നൽകും. കടലയോ ഗ്രീൻ പീസോ ആയിരിക്കും കറി. ഉച്ചയ്ക്ക് പുഴുക്കലരി ചോറും സാമ്പാറും. ചിലപ്പോൾ അത് പുളിശ്ശേരിയും രസവുമാകും. വൈകുരേം നാലിന് ചായയും ചെറുകടിയും. അമ്പതോളം പാചകക്കാരാണ് ജീവനക്കാർക്ക് ഭക്ഷണം തയ്യാറാക്കാനായി മെസ്സിൽ പണിയെടുക്കുത്. അത്രയും പേർ വിളമ്പാനുമുണ്ട്. പ്രധാന ഊട്ടുപുരയ്ക്ക് പുറമെ മാധ്യമപ്രവർത്തകർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്ക് അതത് ഓഫീസ് പരിസരത്തും ഭക്ഷണം എത്തിച്ചുനൽകുന്നുണ്ട്.

വടുതല സ്വദേശിയായ ഗോപിനാഥൻപിള്ളയാണ് ഇവിടുത്തെ പ്രധാന പാചകക്കാരൻ. അദ്ദേഹം പുതുക്കക്കാരനല്ല. ശബരീശ സിധിയിൽ ദീർഘനാളത്തെ പ്രവർത്തന പരിചയമുണ്ട്. പൂർണ തൃപ്തിയോടെയാണ് ആ പ്രവൃത്തി നിർവഹിക്കുന്നത്. ഫുഡ് ആന്റ് സേഫ്റ്റി നിർദേശിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് മെസ്സിന്റെ പ്രവർത്തനം. പാചകത്തിന് ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരത്തിലോ വൃത്തിയിലോ യാതൊരു വിട്ടുവീഴ്ചയും ചെയ്യാറില്ലെന്ന് മെസ്സിന്റെ ചുമതലയുള്ള സ്പെഷ്യൽ ഓഫീസർ എസ്. ഷിബു പറഞ്ഞു.

# കോട്ടൺഹിൽ സ്കൂളിൽ ടോയ് ലറ്റ്, നവീകരിച്ച തമ്പാനൂർ യുപിഎസ് ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം: നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടൺഹിൽ ഗവ. ജിഎച്ച്എസ്എസിലെ ടോയ് ലറ്റ്, നവീകരിച്ച തമ്പാനൂർ യുപിഎസ് കെട്ടിടം എന്നിവ മേയർ ആര്യാ രാജേന്ദ്രൻ ഇന്ന് ഉദ്ഘാടനം ചെയ്യും. രാവിലെ 10 മണിക്ക് കോട്ടൺഹിൽ സ്കൂളിലെ ഉദ്ഘാടനവും വൈകുന്നേരം 3.30 ന് തമ്പാനൂർ യുപിഎസിലെ ഉദ്ഘാടവും നടക്കും. 40 ലക്ഷംരൂപ ചെലവിട്ടുകൊണ്ടാണ് നഗരസഭ തമ്പാനൂർ യുപിഎസ് നവീകരിച്ചത്. പെൺകുട്ടികൾ മാത്രം പഠിക്കുന്ന ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ സ്കൂളുകളിൽ ഒന്നായ നഗരസഭയിലെ വഴുതക്കാട് വാർഡിലെ കോട്ടൺഹിൽ സ്കൂളിൽ മികച്ച രീതിയിലുള്ള ടോയ് ലറ്റാണ് നഗരസഭ പണിപൂർത്തിയാക്കിരിക്കുന്നത്. ഉദ്ഘാടന ചടങ്ങിൽ ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, സ്റ്റാൻറിംഗ് കമ്മിറ്റി അധ്യക്ഷന്മാർ, നഗരസഭ കൗൺസിൽ അംഗങ്ങൾ, നഗരസഭ സെക്രട്ടറി, സൂപ്രണ്ടിംഗ് എൻജിനീയർ എന്നിവർ പങ്കെടുക്കും.

# അതി ദരിദ്രരെ കണ്ടെത്തൽ പ്രക്രിയ ഊർജ്ജിതം സമയബന്ധിതമായി പൂർത്തിയാക്കും: : മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

തിരുവനന്തപുരം: സാമൂഹിക പങ്കാളിത്തത്തോടെ അതി ദരിദ്രരെ കണ്ടെത്താനുള്ള പ്രക്രിയ സംസ്ഥാനത്ത് ഊർജ്ജിതമായി നടക്കുന്നുണ്ടെന്നും സമയബന്ധിതമായി പദ്ധതി യാഥാർത്ഥ്യമാക്കുമെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ സംസ്ഥാനതലത്തിൽ നോഡൽ ഓഫീസറെയും ജില്ലാതലത്തിൽ നിർവഹണ സമിതികളെയും ബ്ലോക്ക് തലത്തിൽ സൂപ്പർ ചെക്ക് ടീമുകളെയും തദ്ദേശസ്ഥാപന തലത്തിൽ ജനകീയ സമിതികളെയും വാർഡ് തലത്തിൽ വാർഡ് സമിതികളെയും ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നയിക്കുന്നതിനും എന്യൂമെറേഷൻ പ്രവർത്തികൾക്കുമായി എന്യുമെറേഷൻ ടീമുകളെയും നിയോഗിച്ചതായി മന്ത്രി അറിയിച്ചു.

അതി ദരിദ്രരെ കണ്ടെത്തൽ പ്രക്രിയയുടെ ഉദ്ദേശ ലക്ഷ്യം ചോർന്നു പോകാതിരിക്കാനും ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി അടയാളപ്പെടുത്തുന്നവരിൽ അനർഹർ കടന്നു കൂടാതിരിക്കാനും അർഹരായവർ വിട്ടുപോകാതിരിക്കാനും വേണ്ടി സംസ്ഥാനത്താകെ ഏകദേശം നാല് ലക്ഷത്തിലധികം വരുന്ന ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, തദ്ദേശസ്ഥാപന അധ്യക്ഷന്മാർ, തദ്ദേശസ്ഥാപന തല ജനകീയ സമിതി അംഗങ്ങൾ, വാർഡ് സമിതി അംഗങ്ങൾ ടെക്നിക്കൽ റിസോഴ്സ് പേഴ്സൺമാർ, സൂപ്പർ ചെക്ക് ടീം അംഗങ്ങൾ എന്നിവർക്കുള്ള പരിശീലനങ്ങൾ നൽകിവരികയാണ്. സംസ്ഥാനത്ത് ആകെ 941 പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും ആറ് കോർപ്പറേഷനുകളിലും പരിശീലനങ്ങൾ പൂർത്തിയാക്കി കഴിഞ്ഞു. തുടർപ്രവർത്തനങ്ങളായ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും, പ്രീ എന്യുമറേഷനും, എന്യുമറേഷനും ദ്രുതഗതിയിൽ നടന്നുവരികയാണെന്ന് മന്ത്രി പറഞ്ഞു.

അതി ദരിദ്രരായ വ്യക്തികളെ കണ്ടെത്തുന്നതിനുള്ള ജനകീയപ്രക്രിയയാണ് വാർഡ്, കുടുംബശ്രീ, സന്നദ്ധ സംഘടനാ തലങ്ങളിലുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ. സംസ്ഥാനത്ത് 49501 ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടന്നുകഴിഞ്ഞു. ഇതിലൂടെ 42512 ആൾക്കാരെ സാധ്യത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 19,998 പേരുടെ പ്രീ എന്യുമെറേഷൻ മൊബൈൽ ആപ്പിൽ നടന്നു കഴിഞ്ഞു. ഇതിൽ 12821 പേരുടെ ഫീൽഡ് തലത്തിലുള്ള എന്യുമെറേഷനും ഇതിനോടകം പൂർത്തീകരിച്ചു. ഓരോ ഘട്ടത്തിലുമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തദ്ദേശ സ്ഥാപന തലത്തിൽ 20% സൂപ്പർ ചെക്ക് നടത്തുകയും ഉയർന്നു വരുന്ന പരാതികൾ പരിഹരിക്കുകയും ചെയ്യും അതിന് ശേഷം മൂർത്തമാകുന്ന പട്ടിക ഗ്രാമസഭയിലും, തദ്ദേശ സ്ഥാപനതല ഭരണാസമിതിയിലും അംഗീകരിച്ചാണ് പ്രസിദ്ധീകരിക്കുക എന്ന് ഗോവിന്ദൻ മാസ്റ്റർ വ്യക്തമാക്കി.

# തങ്ക അങ്കി ചാർത്തിയുള്ള ദീപാരാധന 25ന്, മണ്ഡല പൂജ 26ന്

മണ്ഡല പൂജയ്ക്ക് ശബരിമല അയ്യപ്പസ്വാമിക്ക് ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചു കൊണ്ടുള്ള ഘോഷയാത്ര ഇന്ന് (ഡിസംബർ 22) രാവിലെ ഏഴിന് ആറന്മുള ശ്രീപാർഥസാരഥി ക്ഷേത്രത്തിൽ നിന്നും പുറപ്പെടും. തങ്ക അങ്കി ചാർത്തിയുള്ള ദീപാരാധന 25നും മണ്ഡല പൂജ 26നും നടക്കും. ഘോഷയാത്രയ്ക്ക് വിവിധ സ്ഥലങ്ങളിൽ സ്വീകരണം നൽകും.

ഇന്ന് (22) രാവിലെ അഞ്ചു മുതൽ ഏഴുവരെ ആറന്മുള ക്ഷേത്രാങ്കണത്തിൽ തങ്ക അങ്കി ദർശിക്കാൻ അവസരമുണ്ട്. തിരുവിതാംകൂർ മഹാരാജാവ് ശബരിമല അയ്യപ്പസ്വാമിക്ക് മണ്ഡല പൂജയ്ക്ക് ചാർത്താനായി നടയ്ക്കു വച്ചതാണ് തങ്ക അങ്കി.

തങ്ക അങ്കി ഘോഷയാത്ര എത്തുന്ന സ്ഥലം, സമയം എന്ന ക്രമത്തിൽ: മൂർത്തിട്ട ഗണപതി ക്ഷേതം രാവിലെ 7.15, പുന്നംതോട്ടം ദേവി ക്ഷേത്രം 7.30, ചവിട്ടുകുളം മഹാദേവ ക്ഷേത്രം 7.45, തിരുവഞ്ചാംകാവ് ക്ഷേത്രം 8, നെടുപ്രയാർ തേവരശേരി ദേവി ക്ഷേത്രം 8.30, നെടുപ്രയാർ ജംഗ്ഷൻ 9.30, കോഴഞ്ചേരി ടൗൺ 10.

തിരുവാഭരണപാത അയ്യപ്പ മണ്ഡപം കോളജ് ജംഗ്ഷൻ 10.15, കോഴഞ്ചേരി പാമ്പാടിമൺ അയ്യപ്പക്ഷേത്രം 10.30, കാരംവേലി 11, ഇലന്തൂർ ഇടത്താവളം 11.15, ഇലന്തൂർ ശ്രീഭഗവതി കുന്ന് ദേവി ക്ഷേത്രം 11.20, ഇലന്തൂർ ഗണപതി ക്ഷേത്രം 11.30, ഇലന്തൂർ കോളനി ജംഗ്ഷൻ 11.45, ഇലന്തൂർ നാരായണ മംഗലം ഉച്ചയ്ക്ക് 12.30.

അയത്തിൽ മലനട ജംഗ്ഷൻ ഉച്ചകഴിഞ്ഞ് 2, അയത്തിൽ കുടുംബയോഗ മന്ദിരം 2.30, അയത്തിൽ ഗുരുമന്ദിരം ജംഗ്ഷൻ 2.40, മെഴുവേലി ആനന്ദഭൂതേശ്വരം ക്ഷേത്രം 2.50, ഇലവുംതിട്ട ദേവി ക്ഷേത്രം 3.15, ഇലവുംതിട്ട മലനട 3.45, മുട്ടത്തുകോണം എസ്എൻഡിപി മന്ദിരം വൈകുന്നേരം 4.30, കൈതവന ദേവി ക്ഷേത്രം വൈകുന്നേരം 5.30.

പ്രക്കാനം ഇടനാട് ദേവി ക്ഷേത്രം വൈകിട്ട് 6, ചീക്കനാൽ 6.30, ഊപ്പമൺ ജംഗ്ഷൻ രാത്രി 7, ഓമല്ലൂർ ശ്രീരക്തകണ്ഠസ്വാമി ക്ഷേത്രം രാത്രി 8.

23ന് രാവിലെ 8ന് ഓമല്ലൂർ രക്തകണ്ഠ സ്വാമി ക്ഷേത്രത്തിൽ നിന്നും അന്നേദിവസത്തെ യാത്ര ആരംഭിക്കും. കൊടുന്തറ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം 9, അഴൂർ ജംഗ്ഷൻ 10, പത്തനംതിട്ട ഊരമ്മൻ കോവിൽ 10.45, പത്തനംതിട്ട ശാസ്താ ക്ഷേത്രം 11, കരിമ്പനയ്ക്കൽ ദേവി ക്ഷേത്രം 11.30, ശാരദാ മഠം മുണ്ടുകോട്ടയ്ക്കൽ എസ്എൻഡിപി മന്ദിരം ഉച്ചയ്ക്ക് 12, കടമ്മനിട്ട ഭഗവതി ക്ഷേത്രം ഉച്ചയ്ക്ക് 1.

കടമ്മനിട്ട ഋഷികേശ ക്ഷേത്രം ഉച്ച കഴിഞ്ഞ് 2.15, കോട്ടപ്പാറ കല്ലേലി മുക്ക് 2.30, പേഴുംകാട് എസ്എൻഡിപി മന്ദിരം 2.45, മേക്കൊഴൂർ ക്ഷേത്രം 3.15, മൈലപ്ര ഭഗവതി ക്ഷേത്രം 3.45, കുമ്പഴ ജംഗ്ഷൻ വൈകുന്നേരം 4.15, പാലമറ്റൂർ അമ്പലമുക്ക് 4.30, പുളിമുക്ക് 4.45, വെട്ടൂർ ശ്രീ മഹാവിഷ്ണു ക്ഷേത്രം ഗോപുരപ്പടി 5.30.

ഇളകൊള്ളൂർ മഹാദേവ ക്ഷേത്രം വൈകിട്ട് 6.15, ചിറ്റൂർമുക്ക് രാത്രി 7.15, കോന്നി ടൗൺ രാത്രി 7.45, കോന്നി ചിറയ്ക്കൽ ക്ഷേത്രം രാത്രി 8, കോന്നി മുരിങ്ങമംഗലം ക്ഷേത്രം രാത്രി 8.30.

24ന് കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിൽ നിന്നും രാവിലെ 7.30ന് അന്നേദിവസത്തെ യാത്ര ആരംഭിക്കും. ചിറ്റൂർ മഹാദേവ ക്ഷേത്രം രാവിലെ 8, അട്ടച്ചാക്കൽ 8.30, വെട്ടൂർ ക്ഷേത്രം 9, മൈലാടുംപാറ 10.30, കോട്ടമുക്ക് 11, മലയാലപ്പുഴ ക്ഷേത്രം ഉച്ചയ്ക്ക് 12, മലയാലപ്പുഴ താഴം ഉച്ചയ്ക്ക് 1, മണ്ണാറക്കുളഞ്ഞി ക്ഷേത്രം ഉച്ചയ്ക്ക് 1.15.

റാന്നി രാമപുരം ക്ഷേത്രം ഉച്ചകഴിഞ്ഞ് 3.30, ഇടക്കുളം ശാസ്താ ക്ഷേത്രം വൈകുന്നേരം 5.30, വടശേരിക്കര ചെറുകാവ് 6.30, വടശേരിക്കര പ്രയാർ മഹാവിഷ്ണു ക്ഷേത്രം രാത്രി 7, മാടമൺ ക്ഷേത്രം രാത്രി 7.45, പെരുനാട് ശാസ്താ ക്ഷേത്രം രാത്രി 8.30.

25ന് രാവിലെ എട്ടിന് പെരുനാട് ശാസ്താ ക്ഷേത്രത്തിൽ നിന്നും പുറപ്പെടും. ളാഹ സത്രം 9, പ്ലാപ്പള്ളി 10, നിലയ്ക്കൽ ക്ഷേത്രം 11, ചാലക്കയം ഉച്ചയ്ക്ക് 1, 1.30ന് പമ്പയിൽ എത്തിച്ചേരും.

പമ്പയിൽ നിന്നും ഉച്ചകഴിഞ്ഞ് മൂന്നിന് പുറപ്പെട്ട് അഞ്ചു മണിയോടെ ശരംകുത്തിയിൽ എത്തിച്ചേരും. തുടർന്ന് ശബരിമല ക്ഷേത്രത്തിൽ നിന്നും എത്തുന്ന സംഘം ആചാരപൂർവം സ്വീകരിച്ച് സന്നിധാനത്തേക്ക് തങ്ക അങ്കി ഘോഷയാത്രയെ ആനയിക്കും. പതിനെട്ടാംപടി കയറി സോപാനത്ത് എത്തുമ്പോൾ തന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങി അയ്യപ്പ വിഗ്രഹത്തിൽ തങ്ക അങ്കി ചാർത്തി 6.30ന് ദീപാരാധന നടക്കും. 26 ന് 11.50 നും 1.15നും മധ്യേയുള്ള മുഹൂർത്തത്തിലാണ് മണ്ഡലപൂജ.

# വാണിജ്യ വ്യവസായ വിളംബരമായി കേരളാ അഗ്രോ ഫുഡ് പ്രോ 2021

തിരുവനന്തപുരം: കാർഷികാധിഷ്ഠിത മൂല്യവർധിത ഉല്പന്നങ്ങളുടെ വിപണന പ്രോത്സാഹനത്തിനായി വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച കേരള അഗ്രോ ഫുഡ് പ്രോ 2021 സംസ്ഥാനതല വിപണന മേളയ്ക്ക് സമാപനമായി. തിരുവനന്തപുരം തൈക്കാട് പൊലീസ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച മേളയിൽ ഭക്ഷ്യോല്പന്നങ്ങൾ, ഭക്ഷ്യ സംസ്കരണത്തിനായുള്ള മെഷിനറികൾ കാർഷികാധിഷ്ഠിത മൂല്യവർധിത ഉല്പന്നങ്ങൾ തുടങ്ങിയവയുടെ വ്യാപാരവും വിപണനവും ആശയങ്ങളുടെ കൈമാറ്റവും നടന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നെത്തിയ സംരംഭകരുടെ ഉല്പന്നങ്ങളും ഉപകരണങ്ങളും ഇരു കൈയും നീട്ടിയാണ് തലസ്ഥാനം ഏറ്റെടുത്തത്. നാടിന്റെ നാനാദിക്കിൽ നിന്നും ഒഴുകിയെത്തിയ ജനങ്ങൾ 17 മുതൽ ഇന്നലെ വരെ മേളയിലെ 120 സ്റ്റാളുകളിലും വൻ തിരക്കാണുണ്ടാക്കിയത്.

ഇന്നലെ വൈകിട്ട് നടന്ന സമാപന യോഗം ഉദ്ഘാടനവും സർട്ടിഫിക്കേറ്റ് വിതരണവും വ്യവസായ വാണിജ്യ ഡയറക്ടർ എസ് ഹരികിഷോർ നിർവഹിച്ചു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറും ഓർഗനൈസിങ് കമ്മിറ്റി ജനറൽ കൺവീനറുമായ രാജീവ് ജി അധ്യക്ഷനായി.

മേളയിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ച എച്ച്ഐസിഎബിഎഫ് സ്പെഷ്യൽ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് ഒന്നാം സ്ഥാനത്തിനുള്ള പുരസ്കാരവും ക്രസ്റ്റ് എ ക്രംബ് ഫുഡ് ഇന്നൊവേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് രണ്ടാം സ്ഥാനത്തിനുള്ള പുരസ്കാരവും ഹില്ല നാച്യുറൽ വയനാട് മൂന്നാം സ്ഥാനത്തിനുള്ള പുരസ്കാരവും നേടി.

# സ്ത്രീകളുടെയും പുരുഷന്മാരുടെയും വിവാഹ പ്രായത്തിൽ മാറ്റം അനിവാര്യം

തിരുവനന്തപുരം: സ്ത്രീകളുടെയും പുരുഷന്മാരുടെയും വിവാഹ പ്രായത്തിൽ മാറ്റം അനിവാര്യമാണെന്ന് സംസ്ഥാന വനിതാ കമ്മിഷൻ അംഗം അഡ്വ. എം എസ് താര പറഞ്ഞു. വിവാഹ പ്രായം 18ൽ നിന്ന് 21 ആക്കുന്നത് സംബന്ധിച്ച് രണ്ട് മാസത്തിനു മുമ്പ് നടത്തിയിരുന്ന ചർച്ചകളിൽ നിന്നും വ്യത്യസ്തമായ ചർച്ചകളാണ് ഇപ്പോൾ നടക്കുന്നതെന്നും അവർ പറഞ്ഞു. കാംസഫ് സംസ്ഥാന സമ്മേളനത്തിന്റെഭാഗമായി നടന്ന സ്ത്രീ അഭിമാൻ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എം എസ് താര.

ശാസ്ത്രീയമായ ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു പെൺകുട്ടി മാനസികവും ശാരീരികവും വൈകാരികവും ബൗദ്ധികവും ലൈംഗികവുമായ വിവാഹ ജീവിതത്തിന് പ്രാപ്തമാകുന്നതും പൂർണതയിലെത്തുന്നതും 23 വയസിനു ശേഷമാണ്. സംഖ്യയുടെ പേരിലുള്ള കോലാഹലങ്ങൾ ഒഴിവാക്കപ്പെടണം. ഇന്നത്തെ പാഠ്യക്രമമനുസരിച്ച് 18 വയസ് എന്നത് കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസകാലഘട്ടമാണ്.

പ്ലസ്ടു പഠനം കഴിയുന്ന പ്രായം സ്കൂൾ വിദ്യാഭ്യാസ കാലത്ത് ഒരു കുട്ടിക്ക് ജീവിതത്തെ ഗൗരവതരമായി കാണാൻ കഴിയില്ല. ആൺകുട്ടികളും വിവാഹജീവിതത്തിന് പ്രാപ്തമാകുന്നത് 25 മുതൽ 27 വയസ് വരെയുള്ള കാലഘട്ടത്തിലാണ്. പെൺകുട്ടിയായാലും ആൺകുട്ടിയായാലും കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത് സ്വയംപര്യാപ്തത നേടിയ ശേഷമാകണം. സാമ്പത്തിക സ്വയംപര്യാപ്തത പോലെ തന്നെ ജീവിത സാഹചര്യങ്ങളെ നേരിടാനുള്ള ആത്മവിശ്വാസം നേടാൻ കഴിയുന്ന കാലത്ത് മാത്രമേ വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാവൂ. സമൂഹത്തിലെ മുഴുവൻ അപചയങ്ങളെയും അതിജീവിച്ച് മുന്നോട്ട് പോകാൻ സ്ത്രീകൾക്ക് കഴിയേണ്ടതാണെന്നും അഡ്വ. എം എസ്താര ചൂണ്ടിക്കാട്ടി.

# പരിശീലനക്ലാസ്സ് ആരംഭിച്ചു

തിരുവനന്തപുരം: സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിൽ വനിതാ പൊലീസ് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിലേയ്ക്കായി ഒരു മാസം നീണ്ടു നിൽക്കുന്ന പരിശീലനക്ലാസ്സ് ആരംഭിച്ചു. പോക്സോ ആക്ടും സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയുമായി ബന്ധപ്പെട്ടുള്ള മറ്റ് നിയമങ്ങളെ സംബന്ധിച്ചും കേസ്സന്വേഷണങ്ങളിലെ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് അന്വേഷണം പൂർത്തിയാക്കി പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുന്നത് വരെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് പരിശീലനപരിപാടി ക്രമീകരിച്ചിരിക്കുന്നത്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമ കേസുകൾ റിപ്പോർട്ട് ആകുമ്പോൾ ആദ്യനടപടിയായ ഇരയുടെ മൊഴി രേഖപ്പെടുത്തുന്നത് മുതൽ കുറ്റപത്രം തയ്യാറാക്കുന്നത് വരെയുള്ള വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സുകൾ എടുക്കും. എല്ലാ ചൊവ്വാഴ്ചയുമാണ് പരിശീലനക്ലാസ്. കമ്മിഷണർ ഓഫീസിലെ ഡിസ്ട്രിക്ട് ട്രെയിനിംഗ് സെന്ററിൽ ആരംഭിച്ച പരിശീലനപരിപാടിയുടെ ഉദ്ഘാടനം സിറ്റി പൊലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാധ്യായ നിർവ്വഹിച്ചു. മൊഴി എടുക്കുന്നത് സംബന്ധിച്ചുള്ള ക്ലാസാണ് ആദ്യദിവസം നടന്നത്. ഓരോ ആഴ്ചയിലും വ്യത്യസ്ത വിഷയങ്ങളും പ്രാക്ടിക്കൽ ക്ലാസുകളും നടക്കും. തുടർന്ന് പരിശീലന ക്ലാസ്സിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ അടുത്ത ആഴ്ച വരെ സ്റ്റേഷനുകളിൽ റിപ്പോർട്ട് ആകുന്ന അതിക്രമകേസുകളിലെ മൊഴികൾ രേഖപ്പെടുത്തുന്ന ചുമതല വഹിക്കും.

# രാഷ്ട്രപതിയുടെ സന്ദർശനം: രണ്ട് ദിവസം ഗതാഗത ക്രമീകരണം

തിരുവനന്തപുരം: രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ സന്ദർശനത്തിനോട് അനുബന്ധിച്ച് നഗരത്തിൽ 23, 24 തീയതികളിൽ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി സിറ്റി പൊലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

നാളെ പൂജപ്പുര മൈതാനത്ത് വച്ച് നടക്കുന്ന പരിപാടിയിലും അന്ന് വൈകുന്നേരം ശ്രീ പത്മനാഭസ്വാമി ക്ഷേത്ര സന്ദർശനവുമായി ബന്ധപ്പെട്ടും, 24 ന് തിരികെ എയർപോർട്ടിലേയ്ക്കുള്ള മടക്കയാത്രയും 23ന് രാവിലെ എട്ട് മണി മുതൽ ഉച്ചയ്ക്ക് ഒരു വരെയും വൈകിട്ട് മൂന്നു മണി മുതൽ ഏഴു മണി വരെയും, 24 ന് രാവിലെ ഏഴു മണി മുതൽ 11 മണി വരെയുമാണ് നഗരത്തിൽ ഗതാഗതക്രമീകരണങ്ങൾ എർപ്പെടുത്തിയിട്ടുള്ളത്.

എയർപോർട്ട്, ചാക്ക, പേട്ട, പാറ്റൂർ, ജനറൽ ഹോസ്പിറ്റൽ, ആശാൻ സ്ക്വയർ, ബേക്കറി, വഴുതക്കാട്, ഡിപിഐ ജംഗ്ഷൻ, ജഗതി, ഇടപ്പഴിഞ്ഞി കൊച്ചാർ റോഡ് ശാസ്തമംഗലം പൈപ്പിൻമൂട്, കവടിയാർ, കുറവൻകോണം, പട്ടം, പുജപ്പുര റോഡിലും, പൂജപ്പുര മൈതാനത്തിന് ചുറ്റുമുള്ള റോഡിലും, പൂജപ്പുര കുഞ്ചാലുംമൂട് റോഡിലും, പൂജപ്പുര തിരുമല റോഡിലും ചാക്ക, ഈ!ഞ്ചയ്ക്കൽ റൂട്ടിലും, വെസ്റ്റ് ഫോർട്ട്, എസ്പി ഫോർട്ട്, പത്മവിലാസം, വടക്കേനട, പവർഹൗസ് റോഡ്, ചൂരക്കാട്ടുപാളയം, തൈയ്ക്കാട്, മേട്ടുക്കട, വഴുതക്കാട്, ആൽത്തറ, വെള്ളയമ്പലം, രാജ്ഭവൻ, റോഡിലും ഒരു കാരണവശാലും വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുവദിക്കുന്നതല്ല.

നാളെ രാവിലെ എട്ട് മണി മുതൽ ഉച്ചയ്ക്ക് ഒരു വരെയുള്ള ഗതാഗത ക്രമീകരണം: തിരുമലയിൽ നിന്നും പുജപ്പുര വഴി വഴുതക്കാട്, ബേക്കറി ഭാഗങ്ങളിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ പള്ളിമുക്ക്, പാങ്ങോട്, ഇടപ്പഴിഞ്ഞി, ശാസ്തമംഗലം, പൈപ്പിൻമൂട്, ഗോൾഫ് ലിംഗ്സ്, കവടിയാർ വഴി പോകേണ്ടതാണ്. വഴുതക്കാട് നിന്നും പുജപ്പുര, തിരുമല എന്നിവിടങ്ങളിൽ പോകേണ്ട വാഹനങ്ങൾ പാളയം, പിഎംജി, പട്ടം, കുറവൻകോണം, കവടിയാർ, ഗോൾഫ് ലിംഗ്സ്, പൈപ്പിൻമൂട്, ശാസ്തമംഗലം, ഇടപ്പഴിഞ്ഞി, പാങ്ങോട്, പള്ളിമുക്ക് വഴി പോകേണ്ടതാണ്. വഴുതക്കാട് നിന്നും പുജപ്പുര വഴി കരമനയ്ക്കും, കരമന നിന്ന് പുജപ്പുര, വഴുതക്കാട് ബേക്കറി ഭാഗങ്ങളിലേയ്ക്കും പോകേണ്ട വാഹനങ്ങൾ പാളയം, ഓവർ ബ്രിഡ്ജ്, തമ്പാനൂർ, കിള്ളിപ്പാലം വഴിയും തിരിച്ചും പോകേണ്ടതാണ്. പരിപാടിയിൽ പങ്കെടുക്കാൻ വരുന്ന വാഹനങ്ങൾ അന്നേദിവസം രാവിലെ ഒമ്പത് മണിക്ക് മുമ്പേ പൂജപ്പുര എൽബിഎസ് എഞ്ചിനീയറിംഗ് കോളജ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

നാളെ വൈകിട്ട് മൂന്നു മണി മുതൽ ഏഴ് മണി വരെയുള്ള ഗതാഗത ക്രമീകരണം: കിള്ളിപ്പാലം ഭാഗത്ത് നിന്നും തമ്പാനൂർ പോകേണ്ട വാഹനങ്ങൾ അട്ടക്കുളങ്ങര, കിഴക്കേക്കോട്ട ഓവർബ്രിഡ്ജ് വഴി പോകണം. തമ്പാനൂർ ഭാഗത്ത് നിന്നും കിള്ളിപ്പാലം ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ഓവർബ്രിഡ്ജ്, കിഴക്കേക്കോട്ട! അട്ടക്കുളങ്ങര വഴി പോകണം. വെള്ളയമ്പലം, ശാസ്തമംഗലം, ഇടപ്പഴിഞ്ഞി, ജഗതി ഭാഗത്ത് നിന്നും വഴുതയ്ക്കാട്തൈയ്ക്കാട് കിള്ളിപ്പാലം ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ കൊച്ചാർ റോഡ് വലിയശാല കിള്ളിപ്പാലം വഴി പോകണം. ഈഞ്ചയ്ക്കൽ ഭാഗത്ത് നിന്നും കിഴക്കേക്കോട്ടയിലേയ്ക്കും, കിഴക്കേക്കോട്ട! ഭാഗത്ത് നിന്നും ഈഞ്ചയ്ക്കൽ ഭാഗത്തേയ്ക്കും പോകേണ്ട വാഹനങ്ങൾ അട്ടക്കുളങ്ങര കൊത്തളം റോഡ് വഴി പോകണം.

24 ന് രാവിലെ എഴ് മണി മുതൽ 11 വരെയുള്ള ഗതാഗത ക്രമീകരണം: വെള്ളയമ്പലം, വഴുതയ്ക്കാട്, വിമൻസ് കോളജ്, ബേക്കറി, ആർബിഐ ഭാഗത്തേയ്ക്ക് പോകുന്നതും വരുന്നതുമായ വാഹനങ്ങൾ കവടിയാർ, കുറവൻകോണം, പിഎംജി, പാളയം വഴി പോകേണ്ടതാണ്. ആശാൻ സ്ക്വയർ, ജനറൽ ഹോസ്പിറ്റൽ, പേട്ട, ചാക്ക ഭാഗത്തേയ്ക്ക് പോകുന്നതും വരുന്നതുമായ വാഹനങ്ങൾ പാളയം പിഎംജി, പട്ടം, കുമാരപുരം, വെൺപാലവട്ടം വഴി പോകേണ്ടതാണ്. ചാക്ക, ആൾ സൈന്റ്സ്, ശംഖുമുഖം ഭാഗത്തേയ്ക്ക് പോകുന്നതും വരുന്നതുമായ വാഹനങ്ങൾ വെട്ടുകാട്, കൊച്ചുവേളി, വെൺപാലവട്ടം വഴി പോകേണ്ടതാണ്.

## സീനിയർ സിറ്റിസൺസ് കൂട്ട ധർണ നാളെ

തിരുവനന്തപുരം: മുതിർന്ന പൗരൻമാർക്കുള്ള ട്രെയിൻ ടിക്കറ്റ് ഇളവുകൾ പുനഃസ്ഥാപിക്കണം, വയോജന പെൻഷൻ വർധിപ്പിക്കണം എന്നീ ആവശ്യങ്ങളുന്നയിച്ച് സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫയർ അസോസിയേഷൻ കൂട്ട ധർണ നടത്തുന്നു. നാളെ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ എല്ലാ ജില്ലയിലെയും പ്രധാന റെയിൽവേ സ്റ്റേഷനുകൾക്കു മുന്നിൽ ധർണ നടത്തും. കോവിഡിന്റെ സാഹചര്യത്തിലാണ് ഇളവുകൾ റദ്ദാക്കുന്നതെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ട്രെയിനുകൾ പഴയതുപോലെ ഓടാൻ തുടങ്ങിയതിനാൽ ഇളവുകൾ പുനഃസ്ഥാപിക്കണമെന്ന് സംഘടന വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. ജനറൽ സെക്രട്ടറി അമരവിള രാമകൃഷ്ണൻ, സെക്രട്ടറി ആർ രാജൻ, ട്രഷറർ കാട്ടാക്കട രാമചന്ദ്രൻ, ജില്ല പ്രസിഡന്റ് ജി രാജൻ, ജില്ലാ സെക്രട്ടറി സുകുമാരൻ ആശാരി, ഉമാചന്ദ്ര ബാബു തുടങ്ങിയവർ പങ്കെടുത്തു.

# നടൻ സിദ്ദിഖിനെതിരെ പരാതി നൽകുമെന്ന് നിർമ്മാതാവ് നാസർ ലത്തീഫ്

കൊച്ചി: ഇല്ലാത്ത ഭൂമി താരസംഘടനയ്ക്ക് നൽകാമെന്ന് പറഞ്ഞു താൻ കബളിപ്പിച്ചതായി നടൻ സിദ്ദിഖ് നടത്തിയ പ്രസ്താവന വ്യക്തിപരമായി അവഹേളിച്ചതാണെന്നും ഇതിനെതിരെ എഎംഎംഎക്ക് പരാതി നൽകുമെന്നും പരിഹാരമായില്ലെങ്കിൽ നിയമ നടപടി സ്വീകരിക്കുമെന്നും നടനും നിർമ്മാതാവുമായ നാസർ ലത്തീഫ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. തന്റെയും ഭാര്യയുടെയും ഉടമസ്ഥതയിലുണ്ടായ 20 സെന്റ് ഭൂമി ഭവന രഹിതരായ താരങ്ങൾക്ക് വീട് വച്ച് കൊടുക്കുന്നതിന് സൗജന്യമായി നൽകാമെന്ന് ഇടവേള ബാബുവിനോടും എഎംഎംഎ യോഗത്തിലും അറിയിക്കുകയും വസ്തുവിന്റെ രേഖകൾ പരിശോധനക്കായി നൽകുകയും ചെയ്തിട്ടും തുടർ നടപടികൾ ഇവർ കൈക്കൊണ്ടില്ല. നടൻ ബാബുരാജുമായി പലവട്ടം ചർച്ച നടത്തിയിട്ടുണ്ട്. എന്നിട്ടും ഭൂമി ഏറ്റെടുക്കാൻ താര സംഘടന തയാറായില്ല. രണ്ടുവർഷം കഴിഞ്ഞിട്ടും ഭൂമി ഏറ്റെടുക്കാൻ ശ്രമിക്കാതിരുന്നതിനാൽ ഈ ഭൂമി മറ്റു ഭവന രഹിതർക്ക് രണ്ടു സെന്റ് വീതം സൗജന്യമായി നൽകി. ഇവിടെ നാലു വീടുകളുടെ പണി പൂർത്തിയായി. മറ്റു വീടുകളുടെ പണി തുടങ്ങാനിരിക്കുന്നുവെന്നും നാസർ വ്യക്തമാക്കി.

സ്ഥല ലഭ്യത പരമാവധി പ്രയോജനപ്പെടുത്തി ബഹുനില കെട്ടിടം നിർമ്മിച്ച് വീടുകൾ കൈമാറാനാണ് പദ്ധതി ശുപാർശ ചെയ്തത്. എന്നാൽ ഇതിനെയും തെറ്റായി വ്യാഖ്യാനിക്കാനാണ് ചിലർ ശ്രമിച്ചത്.

ഈ ചുറ്റുപാടിൽ എഎംഎംഎ തെരഞ്ഞെടുപ്പിൽ സ്വതന്ത്രനായി എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് മത്സരിച്ചതിന്റെ പേരിൽ തനിക്കെതിരെ തെറ്റായ പ്രചാരണം നടത്തിയത് തന്നെ അപമാനിക്കാൻ വേണ്ടിയാണ്. ഇത് മാനസികമായി ഏറെ വേദനിപ്പിച്ചു. അതിനാലാണ് ഇതിനെതിരെ പരാതി നൽകുന്നതെന്നും നാസർ പറഞ്ഞു.

## എയ്ഡഡ് സ്കൂളുകളിലെ പാർട്ട്ടൈം അധ്യാപകർക്ക് പിഎഫ് ആനുകൂല്യം

തിരുവനന്തപുരം: എയ്ഡഡ് സ്കൂളുകളിലെ പാർട്ട് ടൈം ടീച്ചേഴ്സ് / പാർട്ട് ടൈം ടീച്ചേഴ്സ് വിത്ത് ഫുൾ ബെനിഫിറ്റ് വിഭാഗം അധ്യാപകർക്ക് കെഎഎസ്ഇപിഎഫിൽ അംഗത്വം നൽകുന്നതിനുള്ള അനുമതി നൽകി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിട്ടു.

ഈ വിഭാഗം ജീവനക്കാരിൽ നേരത്തെ കെഎഎസ്ഇപിഎഫ് അംഗത്വം ലഭിച്ചവരുണ്ടെങ്കിൽ അവർക്ക് ഉത്തരവ് ദോഷകരമായി ബാധിക്കില്ലെന്നും വ്യവസ്ഥയുണ്ട്.

സർക്കാർ സ്കൂളുകളിലെ പാർട്ട് ടൈം അധ്യാപകർക്ക് ജിപിഎഫ് അക്കൗണ്ട് തുടങ്ങാൻ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. അതിനനുസരിച്ചാണ് എയ്ഡഡ് മേഖലയിലെ പാർട്ട് ടൈം അധ്യാപകർക്കും കെഎഎസ്ഇപിഎഫ് തുടങ്ങുവാനുള്ള അനുമതി നൽകിയത്. അക്കൗണ്ട് ലഭിച്ചിട്ടില്ല എന്ന കാരണത്താൽ എയ്ഡഡ് മേഖലയിലെ പാർട്ട് ടൈം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തുന്നതിന് നേരിടുന്ന തടസം ചൂണ്ടിക്കാണിച്ചുള്ള നിവേദനങ്ങൾ ലഭിച്ചതിനെത്തുടർന്ന് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കാൻ മന്ത്രി വി ശിവൻകുട്ടി നിർദേശം നൽകുകയായിരുന്നു. ഇതുമായി ബന്ധപ്പെട്ട കെഇആർ ഭേദഗതിക്കുള്ള പ്രൊപ്പോസൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കണമെന്നും ഉത്തരവിൽ പറയുന്നു.

# കിസാൻ എക്സ്പോയും കർഷക ദിനാഘോഷവും ഇന്നും നാളെയും

തിരുവനന്തപുരം: കർഷക ദിനാഘോഷങ്ങളുടെ ഭാഗമായി ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസും എക്സിക്യൂട്ടീവ് നോളജ് ലൈൻസും സംയുക്തമായി നബാർഡ്, കൃഷി വിജ്ഞാനകേന്ദ്രം, ഇൻഡ്യ ടൂറിസം, വിവിധ കർഷക പ്രസ്ഥാനങ്ങൾ, സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ഇന്നും നാളെയും കർഷക ദിനാഘോഷവും കാർഷിക എക്സിബിഷനും സെമിനാറുകളും സംഘടിപ്പിക്കുന്നു. ഇന്നും നാളെയും ചേംബർ ഓഫ് കൊമേഴ്സ് ഓഡിറ്റോറിയത്തിലാണ് പരിപാടി. ഉദ്ഘാടനം ഇന്ന് രാവിലെ 11 ന് കൃഷിമന്ത്രി പി പ്രസാദ് നിർവഹിക്കും. സെമിനാർ ഉദ്ഘാടനവും കർഷക സംരംഭകരെ ആദരിക്കലും മന്ത്രി ആന്റണി രാജു വൈകിട്ട് നാലിന് നിർവഹിക്കും. കർഷക ദിനാഘോഷങ്ങളുടെ ഉദ്ഘാടനം റവന്യൂ മന്ത്രി കെ രാജൻ നിർവഹിക്കും. തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻറ് ഇൻഡസ്ട്രീസ് പ്രസിഡന്റ് എസ്എൻ രഘുചന്ദ്രൻ നായർ അധ്യക്ഷത വഹിക്കും. ഉച്ചയ്ക്ക് രണ്ട് മുതൽ 'ഫാം ടൂറിസത്തിന്റെ സാധ്യതകൾ' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടക്കും. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'സുപ്രധാന വിളകളെ ബാധിക്കുന്ന കീടങ്ങളുടെ നശീകരണം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിക്കും.

നാളെ രാവിലെ പത്തിന് 'മണ്ണ്, കൃഷി, പ്രകൃതി' എന്ന വിഷയത്തെ ആസ്പദമാക്കി യോഗി ശിവൻ പ്രഭാഷണം നടത്തും. പതിനൊന്നു മണിക്ക് 'അഡ്വാൻസിംഗ് റിന്യൂവബിൾസ് ഇൻ അഗ്രികൾച്ചറൽ' എന്ന വിഷയത്തെ ആസ്പദമാക്കി സോളാർ എനർജി സൊസൈറ്റി ഓഫ് ഇൻഡ്യ സെമിനാർ സംഘടിപ്പിക്കും. പന്ത്രണ്ട് മുതൽ 'ബെസ്റ്റ് എനർജി എഫിഷ്യന്റ് പ്രാക്ടീസസ്' എന്ന വിഷയത്തെ ആസ്പദമാക്കി എനർജി മാനേജ്മെന്റ് സെന്റർ സെമിനാർ സംഘടിപ്പിക്കും. രണ്ട് മുതൽ 'വിദ്യാർത്ഥികളും കൃഷിയും' എന്ന വിഷയത്തെ ആസ്പദമാക്കി ചെങ്കൽ സായികൃഷ്ണ പബ്ലിക് സ്കൂൾ സെമിനാർ സംഘടിപ്പിക്കും. വൈകിട്ട് നടക്കുന്ന സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി ആർ അനിൽ നിർവഹിക്കും. നവകേരള മിഷൻ കോഓഡിനേറ്റർ ഡോ. ടി എൻ സീമ മുഖ്യാതിഥിയാവും.

കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ നിന്നുള്ള സ്ഥാപനങ്ങളുടെ സ്റ്റാളുകളാണ് എക്സിബിഷനിൽ ഉണ്ടാവുക. കാർഷിക രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച കർഷകരെയും കാർഷിക മേഖലയ്ക്ക് മികച്ച സംഭാവനകൾ നൽകിയ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും കിസാൻ എക്സ്പോയുടെ വേദിയിൽ ആദരിക്കും.

## ആർട്സ് ഫെസ്റ്റിവൽ ഇന്നും നാളെയും

വെള്ളറട: കുന്നത്തുകാൽ ആൾ ശ്രീചിത്തിരതിരുനാൾ റസിഡൻഷ്യൽ സെൻട്രൽ സ്കൂളിലെ ആർട്സ് ഫെസ്റ്റിവൽ ഇന്നും നാളെയും നടക്കും. സംവിധായകൻ മജീദ് ഗുലിസ്ഥാൻ ഇന്ന് ഉദ്ഘാടനം ചെയ്യും. സ്കൂൾ മാനേജർ സതീഷ് കുമാർ അധ്യക്ഷത വഹിക്കും. പ്രിൻസിപ്പൽ എസ് പുഷ്പവല്ലി സ്വാഗതം പറയും. പിടിഎ പ്രസിഡന്റ് പത്മജൻ നായർ സംസാരിക്കും. ഹെഡ് ഗേൾ നന്ദന ദിനേശ് നന്ദി പറയും.

# കേരളത്തിലെ കേന്ദ്ര ഗവൺമെന്റ് ഓഫീസുകളുടെ 2022 ലെ അവധി ദിനങ്ങൾ

തിരുവനന്തപുരം : കേരളത്തിലെ കേന്ദ്ര ഗവൺമെന്റ് ഓഫീസുകളുടെ 2022 ലെ അവധിദിനങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചു. 2022 ൽ 17 അവധി ദിനങ്ങളും 41 നിയന്ത്രിത അവധി ദിനങ്ങളുമാണുള്ളത്.

അവധി ദിനങ്ങൾ: ജനുവരി 26: റിപ്പബ്ലിക് ദിനം, മാർച്ച് ഒന്ന് : മഹാശിവരാത്രി, ഏപ്രിൽ 14: മഹാവീരജയന്തി, ഏപ്രിൽ 15: ദുഃഖവെള്ളി, മെയ് രണ്ട്: ഈദുൽ ഫിത്വർ (ചെറിയ പെരുന്നാൾ), മെയ് 16: ബുദ്ധപൂർണിമ, ജുലായ് ഒൻപത് : ഈദുൽസുഹ (ബക്രീദ്) ഓഗസ്റ്റ് എട്ട് : മുഹറം, ഓഗസ്റ്റ് 15: സ്വാതന്ത്ര്യദിനം, ഓഗസ്റ്റ് 19: ജന്മാഷ്ടമി, സെപ്തംബർ എട്ട് : തിരുവോണം ഒക്ടോബർ രണ്ട് : ഗാന്ധിജയന്തി, ഒക്ടോബർ അഞ്ച് : വിജയ ദശമി, ഒക്ടോബർ എട്ട് : മിലാദി ഷെരീഫ് (നബിദിനം), ഒക്ടോബർ 24: ദീപാവലി. നവംബർ എട്ട് : ഗുരുനാനാക്ക് ജയന്തി. ഡിസംബർ 25: ക്രിസ്തുമസ്. ഇതിൽ മെയ് രണ്ട് : ഈദുൽ ഫിത്വർ, ജുലായ് ഒൻപത് : ഈദുൽസുഹ (ബക്രീദ്), ഓഗസ്റ്റ് എട്ട് : മുഹറം, ഒക്ടോബർ എട്ട്: മിലാദിഷെരീഫ് (നബിദിനം) എന്നിവയ്ക്ക് ചാന്ദ്രപ്പിറവി ദർശിക്കുന്നതിനനുസരിച്ച് മാറ്റം വരാം. സംസ്ഥാന ഗവൺമെന്റ് ഈ ദിവസങ്ങൾക്ക് പകരം ഏതെങ്കിലും ദിവസം അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അന്ന് തന്നെയായിരിക്കും കേന്ദ്ര ഗവൺമെന്റ് ഓഫീസുകൾക്കും അവധി.

# വിഴിഞ്ഞം, കോവളം ഒന്നിടവിട്ട ദിവസങ്ങളിൽ കുടിവെള്ള വിതരണം

തിരുവനന്തപുരം: ജില്ലയിലെ വിഴിഞ്ഞം തുറമുഖം, കോട്ടപ്പുറം, ആഴാകുളം, മുക്കോല, മുല്ലൂർ, വെങ്ങാനൂർ (ഭാഗികം) എന്നീ പഞ്ചായത്തുകളിലും നഗരസഭയിലുൾപ്പെട്ട കോവളം, വെള്ളാർ, തിരുവല്ലം പുഞ്ചക്കരി എന്നീ പ്രദേശങ്ങളിലും ഒന്നിടവിട്ട ദിവസങ്ങളിൽ 24 മണിക്കൂറും ജലവിതരണം ഉറപ്പാക്കാൻ വാട്ടർ അതോറിറ്റി ക്രമീകരണം ഏർപ്പെടുത്തി. പുതിയ ക്രമീകരണങ്ങൾ 23 മുതൽ പ്രാബല്യത്തിൽ വരും. ഒന്നിടവിട്ട ദിവസങ്ങളിൽ ആഴാകുളം ടാങ്കിൽ നിന്നും മുല്ലൂർ, വിഴിഞ്ഞം തുറമുഖം, കോട്ടപ്പുറം, ആഴാകുളം, മുക്കോല എന്നീ പ്രദേശങ്ങളിൽ 24 മണിക്കൂറും ജലവിതരണം ലഭ്യമാക്കും. അടുത്ത 24 മണിക്കൂറിൽ വെങ്ങാനൂർ പഞ്ചായത്ത് (ഭാഗികം), കോവളം, വെള്ളാർ, തിരുവല്ലം, പുഞ്ചക്കരി(ഭാഗികം) എന്നീ നഗരസഭാ വാർഡുകളിലും ജലവിതരണം ലഭ്യമാക്കും. ഈ പ്രദേശങ്ങളിലെ കുടിവെള്ള വിതരണത്തിലെ പ്രശ്നങ്ങളും ജലവിതരണ സംവിധാനത്തെയും ജലലഭ്യതയെയും സംബന്ധിച്ചുണ്ടായിട്ടുള്ള പരാതികളും ക്രമീകരണങ്ങളും ചർച്ച ചെയ്യുന്നതിനായി വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർമാരുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് പുതിയ തീരുമാനം. നിലവിൽ ഈ പ്രദേശങ്ങളിലേക്ക് വെള്ളയാണി കായലിൽ നിന്നും ജലം ശുദ്ധീകരിച്ചാണ് ജലവിതരണം ചെയ്തുവരുന്നത്. കുടിവെള്ള കണക്ഷനുകളുടെ എണ്ണവും ജലത്തിന്റെ ആവശ്യകതയും കൂടിയ സാഹചര്യത്തിൽ നിലവിലെ ജലവിതരണം അപര്യാപ്തമാണെന്ന വിലയിരുത്തലിനെത്തുടർന്നാണ് പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയത്.

## ശിവഗിരിയിൽ തപാൽ മേള ഇന്ന്


വർക്കല: ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് ഇന്ന് ശിവഗിരിയിൽ ഭാരതീയ തപാൽ വകുപ്പ് സമ്പൂർണ്ണ തപാൽ മേളസംഘടിപ്പിക്കുന്നു. ആധാർ എടുക്കുന്നുന്നതിനും, തിരുത്തലിനും, അസംഘടിത തൊഴിലാളികൾക്കുള്ള ഇ ശ്രം രജിസ്ട്രേഷൻ, ജനസുരക്ഷാപദ്ധതികൾ, പോസ്റ്റ് ഓഫീസ് അക്കൗണ്ട് തുറക്കുക തുടങ്ങി വിവിധ സേവനങ്ങൾ ഇവിടെ ലഭ്യമാകും.

# കാംസഫ് സംസ്ഥാന സമ്മേളനത്തിന് തുടക്കമായി

തിരുവനന്തപുരം: കേരള അഗ്രിക്കൾച്ചറൽ മിനിസ്റ്റീരിയൽ സ്റ്റാഫ് ഫെഡറേഷൻ (കാംസഫ്) മൂന്നാം സംസ്ഥാന സമ്മേളനത്തിന് തിരുവനന്തപുരം കെ എം മദനമോഹൻ സ്മാരക സുവർണ ജൂബിലി ഹാളിൽ തുടക്കമായി. സമ്മേളന നഗരിയിൽ സംസ്ഥാന പ്രസിഡന്റ് എൻ കെ സതീഷ് പതാക ഉയർത്തി. സംസ്ഥാന ജനറൽ സെക്രട്ടറി സതീഷ് കണ്ടല, വൈസ് പ്രസിഡന്റ് ദേവി കൃഷ്ണ, കമ്മിറ്റി അംഗങ്ങളായ ആർ സരിത, മുബാറക്ക് റാവുത്തർ, ജില്ലാ സെക്രട്ടറി വി വൈശാഖ്, ജില്ലാ പ്രസിഡന്റ് അരുൺ ലാൽ ഡി എസ്, വൈസ് പ്രസിഡന്റ് ഷൈൻ ദാസ് എന്നിവർ സംസാരിച്ചു.

ജില്ലകളിൽ കാംസഫ് ജില്ലാ പ്രസിഡന്റുമാർ പതാക ഉയർത്തി സമ്മേളന വിളംബരം നടത്തി. ഉച്ചയ്ക്ക് ശേഷം നടന്ന സ്ത്രീ അഭിമാൻ വെബ്മീറ്റ് സംസ്ഥാന വനിതാ കമ്മിഷൻ അംഗം അഡ്വ. എം എസ് താര ഉദ്ഘാടനം ചെയ്തു. ജോയിന്റ് കൗൺസിൽ സംസ്ഥാന വനിതാ കമ്മിറ്റി അംഗം ആർ സരിത അധ്യക്ഷയായി. ജോയിന്റ് കൗൺസിൽ സംസ്ഥാന ട്രഷറർ കെ പി ഗോപകുമാർ, വനിതാ കമ്മിറ്റി സെക്രട്ടറി എം എസ് സുഗൈതകുമാരി, എൻ എൻ പ്രജിത, സിന്ധു ആർ, ബീന കെ ബി, ദീപ ഒ വി, എസ് ദേവി കൃഷ്ണ, അനുഷ എൻ എസ് എന്നിവർ സംസാരിച്ചു.

കാംസഫ് സംസ്ഥാന കമ്മിറ്റി യോഗം ഇന്നു നടക്കും. നാളെ നടക്കുന്ന പ്രതിനിധി സമ്മേളനം കൃഷി മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും. കാസഫ് സംസ്ഥാന പ്രസിഡന്റ് എൻ കെ സതീഷ് അധ്യക്ഷത വഹിക്കും. വൈകുന്നേരം നടക്കുന്ന യാത്രയയപ്പ് സമ്മേളനം ജോയിന്റ് കൗൺസിൽ സംസ്ഥാന ജനറൽ സെക്രട്ടറി ജയശ്ചന്ദ്രൻ കല്ലിംഗൽ ഉദ്ഘാടനം ചെയ്യും. ജോയിന്റ് കൗൺസിൽ ചെയർമാൻ കെ ഷാനവാസ് ഖാൻ ഉപഹാര സമർപ്പണം നടത്തും.



നെടുമങ്ങാട് താലൂക്കുമായി ബന്ധപ്പെട്ട് പരിഹാരമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി ജില്ലാ കളക്ടർ ഡോ. നവ് ജ്യോത് ഖോസയുടെ നേതൃത്വത്തിൽ നടന്ന ക്യാമ്പ്

# ഉപഭോക്തൃദിനാചരണം സംസ്ഥാനതല ഉദ്ഘാടനം 24നു തിരുവനന്തപുരത്ത്

ഈ വർഷത്തെ ഉപഭോക്തൃ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 24നു ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ നിർവഹിക്കും. തിരുവനന്തപുരം ചൈത്രം ഹോട്ടലിലെ സമന്വയ ഹാളിൽ രാവിലെ 10നു നടക്കുന്ന ചടങ്ങിൽ ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കും.

ഉപഭോക്തൃ കേരളം മാസിക, ബോധവത്കരണ ലഘുലേഖ എന്നിവയുടെ പ്രകാശനവും ഉപഭോക്തൃ ബോധവത്കരണ പരസ്യ ചിത്രങ്ങളുടെ റിലീസും നവീകരിച്ച ഉപഭോക്തൃ ബോധവത്കരണ വാഹനത്തിന്റെ ഫ്ളാഗ് ഓഫും ചടങ്ങിൽ മന്ത്രിമാർ നിർവഹിക്കും. ഓൺലൈൻ ക്വിസ് മത്സരം, ചിത്രരചന, ഫോട്ടോഗ്രഫി മത്സര വിജയികൾക്കുള്ള സമ്മാന വിതരണവും നടക്കും.

നടൻ മധുപാൽ വിശിഷ്ടാതിഥിയായി പങ്കെടുക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ടിക്കാറാം മീണ, ഭക്ഷ്യ കമ്മിഷണർ കെ.വി. മോഹൻകുമാർ, ലീഗൽ മെട്രോളജി കൺട്രോളർ കെ.ടി. വർഗീസ് പണിക്കർ, തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മിഷൻ പ്രസിഡന്റ് പി.വി. ജയരാജൻ, വനിതാ കമ്മിഷൻ അംഗം ഇ.എം. രാധ, പൊതുവിതരണ വകുപ്പ് ഡയറക്ടർ ഡോ. ഡി. സജിത്ബാബു തുടങ്ങിയവരും പങ്കെടുക്കും. തുടർന്നു 'പ്ലാസ്റ്റിക് മലിനീകരണ നിയന്ത്രണം' എന്ന വിഷയത്തിൽ സെമിനാറും നടക്കും.

## ഡി.ഫാം ഫലം പ്രസിദ്ധീകരിച്ചു

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് 2021 ജൂലൈയിൽ നടത്തിയ ഡി.ഫാം പാർട്ട് ക ഏപ്രിൽ 2021 (റഗുലർ/ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. വിശദവിവരങ്ങൾ www.dm-e.k-er-a-l-a.gov.in ൽ നിന്നും വിവിധ ഫാർമസി കോളേജുകളിൽ നിന്നും ലഭിക്കും.

# മുന്നിലുള്ള അവസരങ്ങൾ പാഴാക്കാതെ പ്രയോജനപ്പെടുത്താൻ സ്ത്രീകൾ ശ്രമിക്കണം; ജില്ലാ കളക്ടർ




തിരുവനന്തപുരം: കുടുംബത്തിലെ പരിമിതികളും ബന്ധുക്കളുടെയും വീട്ടുകാരുടെയും സമ്മർദ്ദവും മൂലം പലപ്പോഴും സ്ത്രീകൾക്ക് അവർ ആഗ്രഹിച്ച് നേടിയ ജോലി ഉപേക്ഷിക്കേണ്ടി വരാറുണ്ടെന്നും സ്വന്തമായ ഒരു തൊഴിൽ മേഖല തെരഞ്ഞെടുക്കുന്നതിന് പോലും സ്ത്രീകൾക്ക് അവസരം ലഭിക്കാറില്ലെന്നും ജില്ലാ കളക്ടർ ഡോ. നവ് ജ്യോത് ഖോസ. ഇത്തരം സമ്മർദ്ദങ്ങളിൽ നിന്ന് പുറത്തു കടന്നാൽ മാത്രമേ സ്ത്രീക്ക് ജീവിതത്തിൽ വിജയിക്കാനാവൂ. അത്തരമൊരു ചുവടുവെയ്പ്പിനായി വനിതകളെ പ്രാപ്തരാക്കാൻ സർക്കാർ ഒരുക്കുന്ന വേദിയാണ് ഇത്തരത്തിലുള്ള തൊഴിൽമേളകളെന്ന് ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ. കേരള നോളജ് ഇക്കണോമി മിഷൻ കരിയർ ബ്രേക്ക് ആയ വനിതകൾക്കായി സംഘടിപ്പിച്ച തൊഴിൽ മേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

ഏതൊരു പുരുഷന്റെയും വിജയത്തിനു പിന്നിൽ ഒരു സ്ത്രീയുണ്ടെന്ന് പറയാറുണ്ട്. പക്ഷേ ഒരു സ്ത്രീയുടെ വിജയത്തിനു പിന്നിൽ പലപ്പോഴും അവൾ മാത്രമാകും ഉണ്ടാവുക. വിവാഹം, കുട്ടികൾ, വീട്ടുജോലി എന്നിങ്ങനെ കാലങ്ങളായി തുടരുന്ന വൃത്തത്തിനുള്ളിൽ നിന്ന് പുറത്തുകടക്കാൻ ഇന്നും പല സ്ത്രീകൾക്കും കഴിഞ്ഞിട്ടില്ലെന്നും കളക്ടർ അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ സ്ത്രീകൾക്ക് ഉയർന്ന വിദ്യാഭ്യാസമുണ്ട്. പക്ഷെ അതിനനുസരിച്ചുള്ള തൊഴിൽമേഖലകളിലേക്ക് അവർ കടന്നുവരുന്നില്ല. വിദ്യാഭ്യാസം എന്നത് ഒരിക്കലും അവസാനിക്കുന്ന പ്രക്രിയയല്ല. കോവിഡ് കാലഘട്ടത്തിൽ, കോൾ സെന്ററുകൾ, മാളുകൾ, ഹോംഡെലിവറി, ഓൺലൈൻ വിപണി തുടങ്ങി അനേകം മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. തൊഴിലധിഷ്ഠിതമായ വിവിധ ഓൺലൈൻ ക്ലാസ്സുകളിലൂടെ ഇന്ന് പുതിയ തൊഴിലുകൾ പഠിക്കാനുള്ള സാധ്യതകളുമുണ്ട്. വീടിനുള്ളിലെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ പുതിയ തൊഴിലും ഭാഷയും പഠിക്കാനും അവ പ്രാവർത്തികമാക്കാനുമുള്ള സമയം സ്ത്രീകൾ കണ്ടെത്തണം. കിട്ടുന്ന അവസരം പാഴാക്കാതെ വിനിയോഗിക്കുകയാണ് ഓരോ സ്ത്രീയും ചെയ്യേണ്ടത്. അതിനവരെ പ്രാപ്തരാക്കുകയെന്ന വലിയ ഉത്തരവാദിത്തം ജില്ലാഭരണകൂടത്തിനുണ്ടെന്നും കളക്ടർ പറഞ്ഞു.

പൂജപ്പുര എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ സംഘടിപ്പിച്ച മേളയിൽ സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ബിന്ദു വി സി അധ്യക്ഷത വഹിച്ചു. എപിജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ രാജശ്രീ എം എസ്, കേരള നോളജ് ഇക്കണോമി മിഷൻ സ്ട്രേറ്റ് പ്രോഗ്രാം മാനേജർമാരായ ഡോ. മധുസൂദനൻ സി, എം സലീം, എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡയറക്ടർ എം അബ്ദുൾ റഹ്മാൻ, കെഡിസ്ക് മാനേജ്മെന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ സജിത പി പി, പ്രയാണ് സിഇഒ ഡോ. ചന്ദ്രദാസ്, വുമൺ ഇൻക്ലൂസീവ് ഇൻ ടെക്നോളജി യുടെ പ്രസിഡന്റ് ടീന ജയിംസ് തുടങ്ങിയവർ പങ്കെടുത്തു.

# സർവീസ് ചട്ടങ്ങൾ കാലത്തിനനുസരിച്ച് പരിഷ്കരിക്കും: മന്ത്രി പി. രാജീവ്

ഭരണ നിർവഹണം വേഗത്തിലും കാര്യക്ഷമവുമാക്കുന്നതിനു സർവീസ് ചട്ടങ്ങൾ കാലത്തിനനുസരിച്ചു പരിഷ്കരിക്കുമെന്നു നിയമമന്ത്രി പി. രാജീവ്. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ പത്താം വാർഷികാഘോഷം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാങ്കേതികവിദ്യയുടെ വളർച്ച ഭരണ നിർവഹണത്തിലും പ്രയോജനപ്പെടുത്തുന്നതിനു സർക്കാർ പ്രത്യേക ശ്രദ്ധവയ്ക്കുന്നുണ്ടെന്നു മന്ത്രി പറഞ്ഞു. ഇതു പൂർണവും കാര്യക്ഷമവുമാകുന്നതിനു സർവീസ് ചട്ടങ്ങളിലെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഭേദഗതിചെയ്യണം. സർക്കാരിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ജീവനക്കാരുടെ സർവീസ് കാര്യങ്ങളിലും പൂർണ സുതാര്യത ഉറപ്പാക്കും. സ്ഥലം മാറ്റത്തിനു പൊതുമാനദണ്ഡം നിശ്ചയിച്ചതും ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതുമെല്ലാം ഇതിന്റെ ഭാഗമായാണ്. പല വകുപ്പുകളും ഇതിനോടകം ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പാക്കിക്കഴിഞ്ഞു. മറ്റു വകുപ്പുകളിലും ഇത് ഉടൻ നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു.

കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ നിലവിൽ വന്നതോടെ നീതിന്യായ സംവിധാനത്തിന്റെ വേഗം കൂടിയതായി മന്ത്രി ചൂണ്ടിക്കാട്ടി. സർവീസ് കേസുകൾ ട്രൈബ്യൂണലിലേക്കു മാറിയതോടെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കുറഞ്ഞു. ഇതു പൊതുജനങ്ങൾക്കും വലിയരീതിയിൽ സഹായകമായെന്ന് മന്ത്രി പറഞ്ഞു.

ട്രൈബ്യൂണലുകളുടെ അധികാരത്തിനുമേൽ കടന്നുകയറാനുള്ള ശ്രമങ്ങൾക്കെതിരേ ജാഗ്രത പാലിക്കണമെന്നു ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ് പറഞ്ഞു. ഇത്തരം സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനു കൂട്ടായ പരിശ്രമമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ നടന്ന ചടങ്ങിൽ കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ ചെയർമാൻ ജസ്റ്റിസ് സി.കെ. അബ്ദുൾ റഹിം അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ എ. ഷാജഹാൻ, ജുഡിഷ്യൽ മെമ്പർ ബെന്നി ഗർവാസിസ്, മുൻ ചെയർമാൻമാരായ ജസ്റ്റിസ് കെ. ബാലകൃഷ്ണൻ നായർ, ജസ്റ്റിസ് ടി.ആർ. രാമചന്ദ്രൻ നായർ, അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണക്കുറുപ്പ്, കെ.എ.ടി. മുൻ അംഗങ്ങളായ കെ. ജോസ് സിറിയക്, വി. സോമസുന്ദരൻ, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് എസ്.എസ്. ബാലു, കെ.എ.ടി. അഡ്വക്കറ്റ്സ് അസോസിയേഷൻ പ്രസിഡന്റ് എം. ഫതഹുദ്ദീൻ, കെ.എ.ടി. അഡ്വക്കറ്റ്സ് അസോസിയേഷൻ എറണാകുളം പ്രസിഡന്റ് ആർ.കെ. മുരളീധരൻ തുടങ്ങിയവർ പ്രസംഗിച്ചു.

# അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ ഊർജ്ജിതം: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

സാമൂഹിക പങ്കാളിത്തത്തോടെ അതിദരിദ്രരെ കണ്ടെത്താനുള്ള പ്രക്രിയ സംസ്ഥാനത്ത് ഊർജ്ജിതമായി നടക്കുന്നുണ്ടെന്നും സമയബന്ധിതമായി പദ്ധതി യാഥാർത്ഥ്യമാക്കുമെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ സംസ്ഥാനതലത്തിൽ നോഡൽ ഓഫീസറെയും ജില്ലാതലത്തിൽ നിർവഹണ സമിതികളെയും ബ്ലോക്ക് തലത്തിൽ സൂപ്പർ ചെക്ക് ടീമുകളെയും തദ്ദേശസ്ഥാപന തലത്തിൽ ജനകീയ സമിതികളെയും വാർഡ് തലത്തിൽ വാർഡ് സമിതികളെയും ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നയിക്കുന്നതിനും എന്യുമെറേഷൻ പ്രവർത്തികൾക്കുമായി എന്യുമെറേഷൻ ടീമുകളെയും നിയോഗിച്ചതായി മന്ത്രി അറിയിച്ചു.

അതി ദരിദ്രരെ കണ്ടെത്തൽ പ്രക്രിയയുടെ ഉദ്ദേശലക്ഷ്യം ചോർന്നു പോകാതിരിക്കാനും ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി അടയാളപ്പെടുത്തുന്നവരിൽ അനർഹർ കടന്നു കൂടാതിരിക്കാനും അർഹരായവർ വിട്ടുപോകാതിരിക്കാനും വേണ്ടി സംസ്ഥാനത്താകെ ഏകദേശം നാല് ലക്ഷത്തിലധികം വരുന്ന ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, തദ്ദേശസ്ഥാപന അധ്യക്ഷ ാർ, തദ്ദേശസ്ഥാപന തല ജനകീയ സമിതി അംഗങ്ങൾ, വാർഡ് സമിതി അംഗങ്ങൾ, ടെക്നിക്കൽ റിസോഴ്സ് അംഗങ്ങൾ, സൂപ്പർ ചെക്ക് ടീം അംഗങ്ങൾ എന്നിവർക്കുള്ള പരിശീലനം നടന്നുവരുന്നു. സംസ്ഥാനത്ത് ആകെ 941 പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും ആറ് കോർപ്പറേഷനുകളിലും പരിശീലനങ്ങൾ പൂർത്തിയായി. തുടർപ്രവർത്തനങ്ങളായ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും, പ്രീ എന്യുമറേഷനും, എന്യുമറേഷനും ദ്രുതഗതിയിൽ നടക്കുന്നു.

അതി ദരിദ്രരായ വ്യക്തികളെ കണ്ടെത്തുന്നതിനുള്ള ജനകീയപ്രക്രിയയാണ് വാർഡ്, കുടുംബശ്രീ, സന്നദ്ധ സംഘടനാ തലങ്ങളിലുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ. സംസ്ഥാനത്ത് 49501 ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടന്നുകഴിഞ്ഞു. ഇതിലൂടെ 42512 ആൾക്കാരെ സാധ്യത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 19,998 പേരുടെ പ്രീ എന്യുമെറേഷൻ മൊബൈൽ ആപ്പ് ഉപയോഗിച്ച് നടത്തി. ഇതിൽ 12821 പേരുടെ ഫീൽഡ് തലത്തിലുള്ള എന്യുമെറേഷനും പൂർത്തീകരിച്ചു. ഓരോ ഘട്ടത്തിലുമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തദ്ദേശ സ്ഥാപന തലത്തിൽ 20 ശതമാനം സൂപ്പർ ചെക്ക് നടത്തുകയും ഉയർന്നു വരുന്ന പരാതികൾ പരിഹരിക്കുകയും ചെയ്യും. അതിന് ശേഷമുള്ള പട്ടിക ഗ്രാമസഭയിലും, തദ്ദേശ സ്ഥാപനതല ഭരണാസമിതിയിലും അംഗീകരിച്ചാണ് പ്രസിദ്ധീകരിക്കുകയെന്ന് മന്ത്രി വ്യക്തമാക്കി.

## മൊഹല്ല ക്ലിനിക്കിലെ മരുന്ന് കഴിച്ച് മൂന്നു കുട്ടികൾ മരിച്ചു

ന്യൂഡൽഹി: മൊഹല്ല ക്ലിനിക്കി (പ്രാഥമിക ആരോഗ്യ കേന്ദ്രം)ൽ നിന്ന് നൽകിയ കഫ് സിറപ്പ് കഴിച്ച് !ഡൽഹിയിൽ മൂന്ന് കുട്ടികൾ മരിച്ചു. ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസിന്റെ (ഡിജിഎച്ച്എസ് )അന്വേഷണ റിപ്പോർട്ടിലാണ് കുട്ടികളുടെ മരണകാരണം വ്യക്തമാക്കിയത്. മരുന്ന് കഴിച്ചതിനെ തുടർന്ന് 16 കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഇവരിൽ മൂന്ന് പേരാണ് മരിച്ചത്.

ഡെക്സ്ട്രോമെത്തോർഫാൻ എന്ന മരുന്നാണ് കുട്ടികൾക്ക് നൽകിയത്. ശിശുരോഗവിദ!ഗ്ധർ ഈ മരുന്ന് ശുപാർശ ചെയ്യുന്നില്ല. ഒമേഗ ഫാർമസ്യൂട്ടിക്കൽസ് നിർമ്മിച്ച മരുന്നാണ് കുട്ടികൾക്ക് നൽകിയതെന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

നാല് വയസിന് താഴെയുള്ള കുട്ടികൾക്ക് ഡെക്സ്ട്രോമെത്തോർഫാൻ നിർദ്ദേശിക്കരുതെന്ന് എല്ലാ ഡിസ്പെൻസറികൾക്കും മൊഹല്ല ക്ലിനിക്കുകൾക്കും നോട്ടീസ് നൽകണമെന്ന് ഡിജിഎച്ച്എസ് കത്തിൽ ഡൽഹി സർക്കാരിനോട് ആവശ്യപ്പെട്ടു. ഈ മരുന്ന് വിപണിയിൽ നിന്ന് പിൻവലിക്കണമെന്നും നിർദേശമുണ്ട്.

# സംസ്ഥാനത്തെ സമ്പൂർണ വാക്സിനേഷൻ 75 ശതമാനം

ഒന്നും രണ്ടും ഡോസ് ചേർത്ത് സംസ്ഥാനത്തെ സമ്പൂർണ കോവിഡ് വാക്സിനേഷൻ 75 ശതമാനം കഴിഞ്ഞതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വാക്സിനേടുക്കേണ്ട ജനസംഖ്യയുടെ 97.38 ശതമാനം പേർക്ക് (2,60,09,703) ആദ്യ ഡോസ് വാക്സിനും 75 ശതമാനം പേർക്ക് (2,00,32,229) രണ്ടാം ഡോസ് വാക്സിനും നൽകി. ഒന്നും രണ്ടും ഡോസ് ഉൾപ്പെടെ ആകെ 4,60,41,932 ഡോസ് വാക്സിനാണ് നൽകിയത്. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. ദേശീയ തലത്തിൽ ഒന്നാം ഡോസ് വാക്സിനേഷൻ 88.33 ശതമാനവും രണ്ടാം ഡോസ് വാക്സിനേഷൻ 58.98 ശതമാനവുമാകുമ്പോഴാണ് കേരളം ഈ നേട്ടം കൈവരിക്കുന്നത്.

സംസ്ഥാനത്ത് ഒമിക്രോൺ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ എല്ലാവരും ജാഗ്രത പാലിക്കണം. മൂക്കും വായും മൂടത്തക്കവിധം ശരിയായ രീതിയിൽ മാസ്ക് ധരിക്കുകയും സാമൂഹിക അകലം പാലിക്കുകയും ഇടയ്ക്കിടയ്ക്ക് സോപ്പോ സാനിറ്റൈസറോ ഉപയോഗിച്ച് കൈ വൃത്തിയാക്കുകയും വേണം. ഇതോടൊപ്പം പ്രധാനമാണ് വാക്സിനേഷൻ. ഒമിക്രോൺ സാഹചര്യത്തിൽ പ്രത്യേക കോവിഡ് വാക്സിനേഷൻ യജ്ഞങ്ങൾ നടന്നുവരികയാണ്. സംസ്ഥാനത്ത് 10 ലക്ഷത്തോളം ഡോസ് വാക്സിൻ സ്റ്റോക്കുണ്ട്.

പത്തനംതിട്ട, ഇടുക്കി, എറണാകുളം, വയനാട്, കണ്ണൂർ ജില്ലകളിൽ 100 ശതമാനത്തോളം പേർ ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചു. മലപ്പുറത്ത് 99 ശതമാനം പേരും തിരുവനന്തപുരത്ത് 98 ശതമാനം പേരും കോട്ടയം, കോഴിക്കോട് ജില്ലകളിൽ 97 ശതമാനം പേരും ആദ്യ ഡോസ് വാക്സിൻ എടുത്തിട്ടുണ്ട്. 85 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിൻ നൽകിയ വയനാട് ജില്ലയാണ് സമ്പൂർണ വാക്സിനേഷനിൽ മുന്നിലുള്ളത്. 83 ശതമാനം പേർക്ക് സമ്പൂർണ വാക്സിനേഷൻ നൽകിയ പത്തനംതിട്ടയാണ് തൊട്ട് പുറകിൽ.

ആരോഗ്യ പ്രവർത്തരും കോവിഡ് മുന്നണി പോരാളികളും 100 ശതമാനം ആദ്യ ഡോസ് വാക്സിനും യഥാക്രമം 91, 93 ശതമാനം രണ്ടാം ഡോസ് വാക്സിനുമെടുത്തിട്ടുണ്ട്. സ്ത്രീകളാണ് പുരുഷൻമാരേക്കാൾ വാക്സിനെടുത്തത്. സ്ത്രീകൾ 2,40,42,684 ഡോസ് വാക്സിനും പുരുഷൻമാർ 2,19,87,271 ഡോസ് വാക്സിനുമാണെടുത്തത്.

കോവിഡ് ബാധിച്ചവർക്ക് 3 മാസം കഴിഞ്ഞ് മാത്രം വാക്സിനെടുത്താൽ മതി. രണ്ടാം ഡോസ് വാക്സിൻ എടുക്കാനുള്ളവർ ഒട്ടും കാലതാമസം വരുത്തരുത്. കോവിഷീൽഡ് വാക്സിൻ 84 ദിവസം കഴിഞ്ഞും കോവാക്സിൻ 28 ദിവസം കഴിഞ്ഞും ഉടൻ തന്നെ രണ്ടാം ഡോസ് സ്വീകരിക്കേണ്ടതാണ്. ഇനിയും വാക്സിനെടുക്കാത്തവർ എത്രയും വേഗം വാക്സിൻ സ്വീകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# കെഎസ്എഫ്ഇ ശാഖകൾ ആയിരമാക്കും: ധനമന്ത്രി

തൃശൂർ: കെഎസ്എഫ്ഇ ശാഖകളുടെ എണ്ണം ആയിരമായി ഉയർത്തുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. നിലവിൽ 630 ശാഖകളാണ് കെഎസ്എഫ്ഇക്ക് ഉള്ളത്. കേരളത്തിൽ മൈക്രോ ബ്രാഞ്ചുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതായും മന്ത്രി പറഞ്ഞു.

കെഎസ്എഫ്ഇയുടെ 650ാം കോഡുള്ള 630ാമത്തെ ശാഖ രാമവർമപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി കെ എൻ ബാലഗോപാൽ. പി ബാലചന്ദ്രൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോവിഡ് വന്നവർക്കും കോവിഡ് മൂലം ദുരിതത്തിലായ പ്രവാസികൾക്കും വ്യാപാരികൾക്കുമെല്ലാം കുറഞ്ഞ പലിശയിലും ആകർഷകമായ സ്കീമുകളിലും പണം നൽകുന്ന കെഎസ്എഫ്ഇയുടെ പദ്ധതികളെക്കുറിച്ചും മന്ത്രി വിശദീകരിച്ചു.

രാമവർമപുരത്തെ ഫോർച്യൂൺ സ്ക്വയർ കോംപ്ലക്സിന്റെ ഒന്നാം നിലയിലാണ് ആധുനിക സൗകര്യങ്ങളോടെ കെഎസ്എഫ്ഇ ശാഖ ആരംഭിച്ചത്.

ചടങ്ങിൽ കോർപറേഷൻ ഡെപ്യൂട്ടി മേയർ രാജശ്രീ ഗോപൻ, കൗൺസിലർ രാധിക അശോകൻ, കെഎസ്എഫ്ഇ മാനേജിങ് ഡയറക്ടർ വി പി സുബ്രഹ്മണ്യൻ, ചെയർമാൻ കെ വരദരാജൻ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# കാനനപാത തുറക്കാൻ നടപടി പുരോഗമിക്കുന്നു

കരിമല വഴിയുള്ള കാനന പാത തുറക്കുന്നതിനുള്ള നടപടി തുടങ്ങിയതായി ശബരിമല എ.ഡി.എം അർജുൻ പാണ്ഡ്യൻ അറിയിച്ചു. മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് ഡിസംബർ മുപ്പതോടെ പാത സഞ്ചാരയോഗ്യമാക്കും. എഡിഎമ്മിന്റെ നേതൃത്വത്തിലുള്ള സംഘം ഇന്ന് (ഡിസം. 22) കാനനപാതയിലൂടെ സഞ്ചരിച്ച് സ്ഥിതിഗതികൾ വിലയിരുത്തും. ഇന്ന് (ഡിസം.22) 11ന് പമ്പയിൽ നടക്കുന്ന അവലോകനയോഗത്തിന് ശേഷമായിരിക്കും പരിശോധന.

18 കിലോമീറ്റർ പൂർണമായും പെരിയാർ വന്യജീവി സങ്കേതത്തിലൂടെയാണ് പാത കടന്നുപോകുന്നത്. രണ്ട് വർഷമായി ജനസഞ്ചാരമില്ലാത്തതിനാൽ പാത സഞ്ചാരയോഗ്യമാക്കേണ്ടതുണ്ട്. ചിലയിടത്ത് മരങ്ങൾ വീണ് മാർഗ തടസ്സമുണ്ട്. ഇവ നീക്കംചെയ്യുകയും അപകടകരമായ മരങ്ങൾ വെട്ടിമാറ്റുകയും അടിക്കാട് നീക്കുകയും ചെയ്യും. ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് വനംവകുപ്പിന് നിർദേശം നൽകിയിട്ടുണ്ട്. ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെ കൂടി സഹകരണത്തോടെയാകും കാനനപാത തെളിക്കുക. പാതയിൽ തീർത്ഥാടകർക്കായി വിശ്രമ കേന്ദ്രങ്ങൾ ഉണ്ടാകും. ഇതിനോടനുബന്ധിച്ച് കടകൾ, ടോയ്‌ലറ്റ് സൗകര്യം എന്നിവ ഒരുക്കും. കാർഡിയാക് സെന്ററുകളും അടിയന്തര വൈദ്യ സഹായ കേന്ദ്രങ്ങളും ഒരുക്കും. അയ്യപ്പ സേവാസംഘത്തിന്റെ അന്നദാന കേന്ദ്രങ്ങളുണ്ടാകും. വന്യമൃഗങ്ങളിൽ നിന്ന് തീർഥാടകർക്ക് സംരക്ഷണം നൽകുന്നതിന് രണ്ട് കിലോമീറ്റർ ഇടവിട്ട് നിരീക്ഷണ സംവിധാനമൊരുക്കും.

പാത തുറക്കുമ്പോഴും തീർഥാടകർ സമയക്രമീകരണം പാലിക്കണം. രാത്രി വൈകി വനഭൂമിയിലൂടെ യാത്ര ചെയ്യും വിധത്തിൽ തീർഥാടകരെ കടത്തിവിടില്ല. വൈകിയെത്തുന്നവർക്ക് ഇടത്താവളങ്ങളിൽ വിശ്രമിക്കാൻ സൗകര്യം നൽകും.

## ജനയിത്രി കുടുംബശ്രീ വാർഷികം

വെള്ളറട: കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് കൈവൻകാല വാർഡിലെ ജനയിത്രി കുടുംബശ്രീയുടെ ഇരുപതാമത് വാർഷികാഘോഷവും കുടുംബസംഗമവും നടന്നു. അരുവിയോട് സജിയുടെ അധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനം കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ അമ്പിളി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കുമാർ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഡ്വ. എസ് എസ് റോജി, കൈവൻകാല വാർഡ് മെമ്പർ ജയകുമാർ, കുടുംബശ്രീ പ്രസിഡന്റ് സത്യഭാമ, സെക്രട്ടറി ഷീജ വർഗീസ് എന്നിവർ പ്രസംഗിച്ചു. വാർഡിൽ ഈ സംരംഭത്തിന് തുടക്കം കുറിച്ച വിജയകുമാരി യെ സമ്മേളനത്തിൽ ആദരിച്ചു, എൻ സജിതാ സ്വാഗതവും, ചിഞ്ചു കൃതജ്ഞതയുംപറഞ്ഞു.

# തെങ്കാശിയിൽ കർഷകരിൽനിന്ന് പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നതിന് ധാരണാപത്രം ഒപ്പ് വച്ചു

തമിഴ്നാട് തെങ്കാശിയിലെ കർഷകരിൽ നിന്ന് പച്ചക്കറി സമാഹരിച്ച് വിതരണം നടത്തുന്നതിന് രൂപീകരിച്ച കർഷക പ്രതിനിധികൾ ഉൾപ്പെടുന്ന സമിതിയുമായി കേരള സർക്കാരിന് വേണ്ടി ഹോർട്ടികോർപ്പ് ധാരണാ പത്രം ഒപ്പു വച്ചു. തമിഴ്നാട് അഗ്രി മാർക്കറ്റിംഗ് ആൻഡ് ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്ന മൊത്തവ്യാപാര വില അനുസരിച്ചാണ് പച്ചക്കറികൾ ഹോർട്ടി കോർപ്പ് സംഭരിക്കുക. പച്ചക്കറികൾ ഉല്പാദിപ്പിക്കുന്ന തെങ്കാശി ജില്ലയിലെ ഏഴ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളിൽ നിന്ന് ഗ്രേഡ് ചെയ്ത പച്ചക്കറി സംഭരിക്കാൻ ഹോർട്ടികോർപ്പിന് ഇനി കഴിയും. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കർഷകരിൽ നിന്നും ഗുണനിലവാരമുള്ള പച്ചക്കറികൾ കേരളത്തിൽ എത്തിക്കാനാവും.

അനിയന്ത്രിതമായി പച്ചക്കറി വില കുതിച്ചുയർന്നതും കേരളത്തിലേക്ക് ആവശ്യമായ പച്ചക്കറി എങ്ങുനിന്നും ലഭ്യമാകാതെയും വന്ന സാഹചര്യത്തിലാണ് ഹോർട്ടി കോർപ്പ് ഇത്തരത്തിൽ ധാരണയ്ക്ക് തയ്യാറായത്. താൽക്കാലികമായി 11 മാസത്തേക്കാണ് പച്ചക്കറി തമിഴ്നാട്ടിൽ നിന്നും സംഭരിക്കുന്നതിനുള്ള ധാരണ. കേരളത്തിൽ നിന്നുള്ള പച്ചക്കറികൾ സുലഭമാകുന്നതോടെ പച്ചക്കറി തമിഴ്നാട്ടിൽ നിന്നും സംഭരിക്കുന്നത് കുറയ്ക്കാനാകും. പച്ചക്കറികൾ സമാഹരിച്ചു തരുന്ന അളവനുസരിച്ച് കിലോയ്ക്ക് ഒരു രൂപ പ്രകാരം കൈകാര്യ ചിലവ് ഹോർട്ടികോർപ്പ് കൊടുക്കേണ്ടതുണ്ട്. ഹോർട്ടി കോർപ്പ് ആവശ്യപ്പെടുന്ന പ്രകാരമുള്ള പച്ചക്കറികൾ സമിതി സമാഹരിക്കുകയും ഗുണനിലവാരം ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ ഉറപ്പുവരുത്തി അടുത്തദിവസം തന്നെ വിതരണത്തിനായി കേരളത്തിലെത്തിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. വെണ്ട, വഴുതന, പച്ചമുളക്, തക്കാളി, മുരിങ്ങക്ക തുടങ്ങിയ പച്ചക്കറികൾ ആദ്യഘട്ടത്തിൽ കേരള വിപണിയിൽ എത്തിക്കാനാവുമെന്നാണ് കരുതുന്നത്.

# ഒമിക്രോൺ: കൂടുതൽ സാമ്പിളുകൾ ജനിതക പരിശോധനയ്ക്ക് അയക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് ഒമിക്രോൺ കണ്ടെത്തിയ സാഹചര്യത്തിൽ കൂടുതൽ സാമ്പിളുകൾ ജനിതക പരിശോധനയ്ക്ക് അയക്കും. ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവരുടെയും മറ്റ് രാജ്യങ്ങളിൽ നിന്നും വരുന്നവരിൽ റാൻഡം പരിശോധനയിൽ കോവിഡ് പോസിറ്റീവാകുന്നവരുടെയും ഇവരുടെ സമ്പർക്കത്തിൽ വന്ന് കോവിഡ് പോസിറ്റീവാകുന്നവരുടെയും സാമ്പിളുകൾ ജനിതക പരിശോധനയ്ക്ക് അയക്കുന്നത് തുടരും. ക്ലസ്റ്ററുകൾ രൂപപ്പെടുന്ന പ്രദേശങ്ങളിലെ കോവിഡ് പോസിറ്റീവ് സാമ്പിളുകളും ജനിതക പരിശോധനയ്ക്ക് അയക്കും.

ഈ മാസം ഒന്നു മുതൽ സംസ്ഥാനത്തെ നാല് വിമാനത്താവളങ്ങൾ വഴി ആകെ 1,47,844 യാത്രക്കാരാണ് എത്തിച്ചേർന്നിട്ടുള്ളത്. അവരിൽ 8,920 പേരെ വിമാനത്താവളങ്ങളിൽ തന്നെ പരിശോധിച്ചു. അതിൽ 15 പേരാണ് കോവിഡ് പോസിറ്റീവായത്. അതിൽ 13 പേർ ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും രണ്ട് പേർ മറ്റ് രാജ്യങ്ങളിൽ നിന്നും വന്നവരാണ്. ഇവരുടെ എല്ലാവരുടെയും സാമ്പിളുകൾ ജനിതക പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഡിസംബർ ഒന്നിന് മുമ്പ് ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും എത്തിയിട്ടുള്ള കോവിഡ് പോസിറ്റീവായിട്ടുള്ളവരുടേയും എട്ടാമത്തെ ദിവസം പരിശോധനാ ഫലം പോസിറ്റീവായിട്ടുള്ളവരുടേയും സാമ്പിളുകൾ ഉൾപ്പെടെ ആകെ 54 പേരുടെ സാമ്പിളുകളാണ് ജനിതക ശ്രേണീകരണത്തിന് അയച്ചത്. ഇതിൽ 44 പേരുടെ പരിശോധനാ ഫലം വന്നിട്ടുണ്ട്. അതിൽ 39 പേർ ഡെൽറ്റാ വേരിയന്റ് പോസിറ്റീവും അഞ്ച് പേർ ഒമിക്രോൺ പോസിറ്റീവുമാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.